14. എതിർകക്ഷികൾ സ്വന്തം പേരിലാണ് സ്വത്തുക്കൾ കൈവശം വച്ചിരുന്നതെന്നും, അതിനാൽ ആ സ്വത്തുക്കളുടെ ഉടമസ്ഥാവകാശത്തിന് അവർ അർഹരായിരുന്നുവെന്നും വാസ്തവത്തിൽ പ്രസ്തുത സ്വത്ത് ഭൗതികമായി കൈവശം വച്ചിരുന്നത് ഏതിർകക്ഷികളാണെന്നും അപ്പീൽവാദി കോടതിയിൽ ബോധിപ്പിച്ചു. അതുകൊണ്ട് തന്നെ, പ്രസ്തുത സ്വത്തുക്കൾ തങ്ങൾ നിയമപരമായി സമ്പാദിച്ചതാണെന്ന് തെളിയിക്കാനും വിശദീകരിക്കാനുമുള്ള ബാധ്യത എതിർകക്ഷികൾക്ക് മാത്രമായിരുന്നു. വാസ്തവത്തിൽ, നിർദ്ദിഷ്ട കണ്ടുകെട്ടൽ നടപടി നേരിട്ട് ബാധിക്കുന്നത് എതിർകക്ഷികളെ ആയതിനാൽ, വകുപ്പ് 6 പ്രകാരമുള്ള അറിയിപ്പ് നൽകേണ്ടതും അവർക്ക് മാത്രമാണ്. മദ്രാസ് ഹൈക്കോടതി നിരീക്ഷിച്ചതുപോലെ, വരുമാന സ്രോതസ്സുകൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രാഥമിക അറിയിപ്പ് കുറ്റവാളിക്ക് നിർബന്ധമായും നൽകണമെന്ന് വകുപ്പ് 6 നിഷ്കർഷിക്കുന്നില്ല. അതിലുപരി, കുറ്റവാളി തന്റെ ബന്ധുക്കളുടെ കൈവശമുള്ളതും, തന്റെയല്ലാത്തതുമായ സ്വത്തുക്കളെ സംബന്ധിച്ച് വിശദീകരണം നൽകുമെന്ന് പ്രതീക്ഷിക്കാനുമാകില്ല.

15. 1976-ലെ നിയമത്തിലെ വകുപ്പ് 6(2)-ന്റെ ഉദ്ദേശ്യം സംബന്ധിച്ച്, കണ്ടുകെട്ടാൻ നിർദ്ദേശിക്കപ്പെട്ട സ്വത്തുവകകൾ പ്രസക്തമായ സമയത്ത് കുറ്റവാളി കൈവശം വച്ചിട്ടില്ലെങ്കിൽ പോലും, കുറ്റവാളിയ്ക്ക് നിർബന്ധമായും അറിയിപ്പ് നൽകണമെന്ന് പ്രസ്തുത നിയമത്തിന്റെ ലളിതവും അക്ഷരാർത്ഥത്തിലുള്ളതുമായ വ്യാഖ്യാനം നിഷ്കർഷിക്കുന്നില്ലെന്ന് അപ്പീൽവാദി കോടതിയിൽ ബോധിപ്പിച്ചു. കുറ്റവാളിക്കും അറിയിപ്പ് നൽകാം എന്നത് വാസ്തവമാണ്; എന്നാൽ നടപടി ആരംഭിക്കുന്ന പ്രസക്തമായ സമയത്ത്, കണ്ടുകെട്ടാൻ നിർദ്ദേശിക്കപ്പെട്ട സ്വത്തുവകകൾ കുറ്റവാളിയുടെ ബന്ധുക്കളുടെ കൈവശമാണെങ്കിൽ, കുറ്റവാളിക്ക് അറിയിപ്പ് നൽകേണ്ടത് നിർബന്ധമായ ഒരു ആവശ്യമല്ല.

16. കേരളാ ഹൈക്കോടതിയുടെയും കൊൽക്കത്താ ഹൈക്കോടതിയുടെയും മേൽപ്പറഞ്ഞ വിധിന്യായങ്ങൾ അപ്പീൽവാദികൾ ആശ്രയിച്ചിട്ടുണ്ട്. കൂടാതെ, ***അമൃത്ലാൽ പ്രജീവൻദാസ്***[9] കേസിൽ, ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് വ്യവസ്ഥാപിതമാക്കിയ പ്രമാണവും അപ്പീൽവാദികൾ ഉദ്ധരിക്കുകയുണ്ടായി. പ്രസ്തുത കേസിൽ, 1976-ലെ നിയമത്തിന്റെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്തുകൊണ്ടുള്ള വാദം തള്ളിയ കോടതി, പ്രസ്തുത നിയമത്തിന്റെ ലക്ഷ്യവും പ്രസക്തമായ എല്ലാ വ്യവസ്ഥകളും വ്യാഖ്യാനിച്ചിരുന്നു. അതനുസരിച്ച് വകുപ്പ് 6 പ്രകാരമുള്ള അറിയിപ്പിൽ പരാമർശിച്ചിട്ടുള്ളതും, കുറ്റവാളിയോ തടവുകാരനോ ആയ വ്യക്തിയുടെ ബന്ധുവിന്റെയോ കൂട്ടാളിയുടെയോ കൈവശമുള്ളതുമായ സ്വത്തുക്കൾ നിയമവിരുദ്ധമായി സമ്പാദിച്ചവയല്ലെന്ന് തെളിയിക്കേണ്ട ഭാരം അത്തരം ബന്ധുവിനോ കൂട്ടാളിക്കോ ആണ്. കൂടാതെ, ബന്ധുക്കളോ കൂട്ടാളികളോ സ്വത്തുക്കൾ കൈവശം വച്ചിരിക്കുന്നത് ഏത് വിധേനയായാലും (ബിനാമി ആയോ, പേര് നൽകിയ ആളായോ, കൈമാറ്റം ലഭിച്ച ആളായോ), സ്വത്തുക്കൾ മറച്ചുവയ്ക്കാനുള്ള എല്ലാ ശ്രമങ്ങളെയും പരാജയപ്പെടുത്തുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം. തടവുകാരന്റെയോ കുറ്റവാളിയുടെയോ പണമോ ആസ്തിയോ ഉപയോഗിച്ചല്ല തർക്കത്തിലുള്ള സ്വത്തുക്കൾ നേടിയതെന്ന് വെളിപ്പെടുത്താൻ പ്രസ്തുത ബന്ധുവിനോ കൂട്ടാളിക്കോ കഴിഞ്ഞില്ലെങ്കിൽ, അവർ തെളിവ് ബാധ്യത നിറവേറ്റുന്നതിൽ പരാജയപ്പെട്ടുവെന്നത് കണ്ടുകെട്ടലിന് ന്യായീകരണമാകും; എന്തെന്നാൽ, ഈ നിയമം ബാധകമായ ഒരു വ്യക്തിക്കും നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ കൈവശം വയ്ക്കാൻ കഴിയില്ല.

17. ***ശോഭ സുരേഷ് ജുമാനി വേഴ്സസ് അഫ്ലേറ്റ് ട്രിബ്യൂണൽ, ഫോർഫിറ്റഡ് പ്രോപ്പർട്ടി യും മറ്റൊരാളും*** [10] കേസിൽ കോടതി വ്യവസ്ഥാപിച്ച പ്രമാണവും അപ്പീൽവാദികൾ ഉദ്ധരിച്ചു. പ്രസ്തുത കേസിൽ, തടവുകാരനായ സുരേഷ് മനോഹർലാൽ ജുമാനിക്കും അദ്ദേഹത്തിന്റെ ഭാര്യ ശോഭ സുരേഷ് ജുമാനിക്കും വകുപ്പ് 6 പ്രകാരം കാരണം കാണിക്കൽ അറിയിപ്പ്

9 അടിക്കുറിപ്പ് 5-ൽ മേൽപരാമർശം

10 (2001) 5 എസ്.സി.സി 755

നൽകിയിരുന്നു. അപ്പീൽ ഫയൽ ചെയ്യാൻ ശോഭ സുരേഷ് ജൂമാനിയ്ക്കുള്ള അവകാശം യോഗ്യതയുള്ള അധികാരി ചോദ്യം ചെയ്തു. എന്നാൽ, തർക്കത്തിലുള്ള സ്വത്തുക്കൾ തടവുകാരന്റെ ബന്ധുവിന്റെ (ഭാര്യ) കൈവശമായിരുന്നതുകൊണ്ട്, അവർക്കെതിരെ ആരംഭിച്ച നടപടി ഈ കോടതി ശരിവച്ചു. പ്രസ്തുത വിധിയുടെ കൂടെ അടിസ്ഥാനത്തിൽ, അപവദിത വിധിന്യായം റദ്ദാക്കണമെന്നും, കേരളാ ഹൈക്കോടതിയുടെയും കൊൽക്കത്താ ഹൈക്കോടതിയുടെയും എതിർ അഭിപ്രായം ശരിവയ്ക്കുകയും ചെയ്യണമെന്ന് അപ്പീൽവാദികൾ കോടതിയിൽ അഭ്യർത്ഥിച്ചു.

18. എന്നാൽ മറുഭാഗത്ത്, എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ ബഹുമാനപ്പെട്ട അഭിഭാഷകൻ അപവദിത വിധിന്യായത്തിൽ മദ്രാസ് ഹൈക്കോടതി സ്വീകരിച്ച നിലപാടിനെ പിന്തുണച്ചു; എതിർകക്ഷികൾ തർക്കത്തിലുള്ള സ്വത്തുക്കളുടെ പ്രത്യക്ഷത്തിലുള്ള ഉടമകൾ മാത്രമാണെന്നും അത് വാസ്തവത്തിൽ കൂറ്റവാളിയുടെ ഉടമസ്ഥതയിലുമാണെന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പീൽവാദികൾ ഇതുവരെയും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിച്ചതെന്ന് അഭിഭാഷകൻ ബോധിപ്പിച്ചു. ഇതിനു പുറമേ, എതിർകക്ഷികൾ കൂറ്റവാളിയ്ക്ക് വേണ്ടിയാണ് പ്രസ്തുത സ്വത്തുക്കൾ കൈവശം വച്ചിരിക്കുന്നത്. ഈ വസ്തുതകളുടെ പശ്ചാത്തലത്തിലാണ് മദ്രാസ് ഹൈക്കോടതി വകുപ്പ് 6-ന്റെ ഉദ്ദേശവും അതിലെ ഉപ-വകുപ്പുകളുടെ പരസ്പര ബന്ധവും വിശകലനം ചെയ്യുകയും പ്രസ്തുത വസ്തുതകളുമായി ബന്ധപ്പെട്ട സാഹചര്യത്തിൽ കൂറ്റവാളിയ്ക്ക് അറിയിപ്പ് നൽകേണ്ടത് നിർബന്ധമാണെന്ന് വിധിക്കുകയും ചെയ്തത്. അതേസമയം, തർക്കത്തിലുള്ള സ്വത്തുക്കളുടെ രേഖാമൂലമുള്ള, യഥാർത്ഥ ഉടമസ്ഥർ എതിർകക്ഷികൾ തന്നെയാണെന്നും അതിനാൽ കൂറ്റവാളിയ്ക്ക് അറിയിപ്പ് നൽകേണ്ടതില്ലെന്നുമുള്ള, നേരത്തേതിൽ നിന്നും തീർത്തും വിഭിന്നമായ നിലപാടാണ് അപ്പീൽവാദികൾ നിലവിലെ അപ്പീലുകളിൽ സ്വീകരിച്ചിരിക്കുന്നതെന്നും എതിർകക്ഷികളുടെ അഭിഭാഷകൻ വാദിച്ചു.

19. 1976-ലെ നിയമത്തിലെ വകുപ്പ് 2-ൽ നൽകിയിട്ടുള്ള "വ്യക്തികൾ" എന്ന പദത്തിന്റെ നിർവചനവും അതിനോട് അനുബന്ധമായുള്ള വിശദീകരണം 2-ഉം എതിർകക്ഷികളുടെ അഭിഭാഷകർ ഈ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. കൂടാതെ, 2.2.1980-ലെ നിയമത്തിലെ വകുപ്പ് 6 പ്രകാരം കുറ്റവാളിയ്ക്ക് നൽകിയ അറിയിപ്പിൽ, എതിർകക്ഷികൾക്ക് നൽകിയിട്ടുള്ള അപവദിത അറിയിപ്പുകളിൽ പരാമർശിച്ചിട്ടുള്ള സ്വത്തുക്കൾ ഉൾപ്പെടുത്തിയിട്ടില്ലെന്നും അവർ വാദിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എതിർകക്ഷികൾക്ക് നൽകിയിട്ടുള്ള അപവദിത അറിയിപ്പുകളിൽ പരാമർശിച്ചിട്ടുള്ള സ്വത്തുക്കൾ കുറ്റവാളി നിയമവിരുദ്ധമായി ആർജ്ജിക്കുകയും മറ്റൊരാൾ മുഖാന്തിരം കൈവശം വയ്ക്കുകയും ചെയ്യുകയാണെന്ന് കാണിച്ച് കുറ്റവാളിയ്ക്ക് ഒരു അറിയിപ്പും നൽകിയിട്ടില്ല.

20. വാസ്തവത്തിൽ, വകുപ്പ് 6(1) അനുസരിച്ച് കുറ്റവാളിയുടെ ഒരു ബന്ധുവിന് അറിയിപ്പ് നൽകുമ്പോൾ, പ്രസ്തുത ബന്ധുവിന്റെ കണ്ടുകെട്ടാൻ ഉദ്ദേശിക്കുന്ന സ്വത്തുക്കളും കുറ്റവാളി അല്ലെങ്കിൽ തടവുകാരനും തമ്മിൽ ബന്ധം ആരോപിക്കാനും അത് സ്ഥാപിക്കാനും വകുപ്പിന് ബാധ്യതയുണ്ടെന്ന് എതിർകക്ഷികൾ വാദിച്ചു. അതായത്, കണ്ടുകെട്ടിയ സ്വത്തുക്കൾ കുറ്റവാളിയുടെയോ തടവുകാരന്റെയോ നിയമവിരുദ്ധമായ വരുമാനം, സമ്പാദ്യം അല്ലെങ്കിൽ ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ടതായിരിക്കണം. കുറ്റവാളിയുമായോ തടവുകാരനുമായോ ബന്ധിപ്പിക്കാനാകാത്ത, അയാളുടെ ബന്ധുവിന്റെയോ കൂട്ടാളിയുടെയോ വ്യക്തിഗത സ്വത്തുക്കൾ 1976-ലെ നിയമപ്രകാരം കണ്ടുകെട്ടാൻ കഴിയില്ലെന്ന് **അമ്രുതാൽ പ്രജീവൻദാസ്** [11]**, കേസർ ദേവി**[12]**, നിയമാനുസൃത പ്രതിനിധികൾ മുഖാന്തിരം (പരേതയായ) ഫാത്തിമ മുഹമ്മദ് അമീൻ വേഴ്സസ് യൂണിയൻ ഓഫ് ഇന്ത്യയും *മറ്റൊരാളും*** [13]**, അസ്‌ലം മുഹമ്മദ് മർച്ചന്റ് വേഴ്സസ് യോഗ്യതയുള്ള അധികാരി**യും മറ്റുള്ളവരും എന്നീ കേസുകളിൽ കോടതി വിധിച്ചിട്ടുണ്ട്.

---

11 അടിക്കുറിപ്പ് 5-ൽ മേൽപരാമർശം (ഖണ്ഡിക 44)

12 അടിക്കുറിപ്പ് 6-ൽ മേൽപരാമർശം (ഖണ്ഡികകൾ 11, 12)

13 (2003) 7 എസ്.സി.സി 436 (ഖണ്ഡികകൾ 7- 9)

21. അടുത്ത പടിയായി, ബന്ധുക്കളുടെ സ്വത്തുക്കളും കുറ്റവാളിയുടെയോ തടവുകാരന്റെയോ പ്രവർത്തനങ്ങളും തമ്മിൽ ബന്ധമുണ്ടെന്ന് സ്ഥാപിക്കാതെ, പ്രസ്തുത സ്വത്തുക്കൾ കണ്ടുകെട്ടാൻ കഴിയില്ലെന്ന് എതിർകക്ഷിയുടെ അഭിഭാഷകൻ വാദിച്ചു; പ്രത്യേകിച്ചും പ്രസ്തുത ബന്ധുക്കൾ കുറ്റവാളിയുടെ മാതാപിതാക്കൾ, കുട്ടികൾ, അല്ലെങ്കിൽ പങ്കാളി തുടങ്ങിയ അടുത്ത ബന്ധുക്കൾ അല്ലാത്ത സാഹചര്യത്തിൽ. കണ്ടുകെട്ടാൻ ശ്രമിക്കുന്ന സ്വത്തുക്കൾ കുറ്റവാളിയുടേതാണെന്ന് തെളിയിക്കുന്ന ബന്ധം സ്ഥാപിക്കാൻ കഴിയാത്ത പക്ഷം, നിയമാനുസൃതമായി അത്തരമൊരു അനുമാനം നടത്താനാകില്ല; അതിനാൽ, കുറ്റവാളിയുടെ ബന്ധുവെന്ന നിലയ്ക്ക് അറിയിപ്പ് ലഭിച്ച വ്യക്തിയിൽ തെളിവ് ഭാരം നിക്ഷിപ്തമാക്കുന്ന വകുപ്പ് 8 ഈ കേസിൽ ബാധകമാകുകയുമില്ല. മാത്രമല്ല, പ്രസ്തുത അറിയിപ്പിൽ അടിസ്ഥാനരഹിതവും യുക്തിരഹിതവുമായ ഒരു ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ട് - കുറ്റവാളി സ്വർണ്ണക്കടത്തിൽ ഏർപ്പെട്ടിരുന്ന സമയത്താണ് തർക്കത്തിലുള്ള സ്വത്തുക്കൾ നേടിയത് എന്നതിനാൽ, പ്രസ്തുത കുറ്റവാളിയുടെ പണം ഉപയോഗിച്ചാണ് പ്രസ്തുത സ്വത്തുക്കൾ ആർജ്ജിച്ചതെന്ന നിഗമനത്തിലെത്താതെ തരമില്ലെന്ന് അറിയിപ്പിൽ പ്രസ്താവിക്കുന്നു. യഥാർത്ഥത്തിൽ, ഈ സ്വത്തുക്കൾ എതിർകക്ഷികൾ സ്വന്തം ബിസിനസ് വരുമാനത്തിൽ നിന്നും സമ്മാനങ്ങളായും സമ്പാദിച്ചതാണെന്ന് സ്ഥാപിക്കാൻ അവർ അധികാരികൾക്ക് മുൻപാകെ ധാരാളം തെളിവുകൾ സമർപ്പിച്ചിരുന്നു. എന്നാൽ, എതിർകക്ഷികൾ ഉന്നയിച്ച ഈ വാദം ബന്ധപ്പെട്ടവർ പൂർണ്ണമായും തള്ളിക്കളയുകയാണ് ചെയ്തത്.

22. എതിർകക്ഷികളുടെ സ്വത്തുക്കൾ നിയമവിരുദ്ധമായി നേടിയതാണെന്ന് വിശ്വസിക്കുന്നതിന് അടിസ്ഥാനമായ കാരണങ്ങൾ യോഗ്യതയുള്ള അധികാരിയോ അപ്പീൽ ട്രൈബ്യൂണലോ രേഖപ്പെടുത്തിയിട്ടില്ലെന്ന് എതിർകക്ഷിയുടെ അഭിഭാഷകൻ വാദിച്ചു. ***നസീർ അഹമ്മദ് വേഴ്സസ് എംപറർ***[14]***, ചന്ദ്ര കിഷോർ ഝാ വേഴ്സസ് മഹാവീർ പ്രസാദ്*** ***ഉം മറ്റുള്ളവരും*** [15] എന്നീ

14 എ.ഐ.ആർ 1936 പി.സി 253

15 (1999) 8 എസ്.സി.സി 266

കേസുകളിൽ കോടതി വ്യവസ്ഥാപിച്ച പ്രമാണത്തെ ആധാരമാക്കി, ഒരു നിയമം ഒരു കാര്യം ഒരു പ്രത്യേക രീതിയിൽ ചെയ്യണമെന്ന് അനുശാസിക്കുമ്പോൾ, അത് ആ രീതിയിൽ മാത്രം ചെയ്യണമെന്നും മറ്റൊരു രീതിയിലും ചെയ്യരുതെന്നും അഭിഭാഷകൻ വാദമുന്നയിച്ചു. എന്നാൽ, 1976-ലെ നിയമത്തിലെ വകുപ്പ് 6-ൽ നിർദ്ദേശിച്ചതുപോലെ വിശ്വസിക്കുന്നതിനുള്ള ശരിയായ കാരണങ്ങൾ രേഖപ്പെടുത്തുന്നതിൽ യോഗ്യതയുള്ള അധികാരി പരാജയപ്പെട്ടു.

23. അമിതവും അനാവശ്യവുമായ കാലതാമസം കാരണം എതിർകക്ഷികൾക്കെതിരെയുള്ള നടപടികൾ ഏകപക്ഷീയവും യുക്തിരഹിതവുമായി തീർന്നിരിക്കുന്നുവെന്നതാണ് അവരുടെ അഭിഭാഷകൻ ഉന്നയിച്ച അടുത്ത വാദം. അതായത്, 23.11.1969-നാണ് 1962-ലെ നിയമപ്രകാരമുള്ള കുറ്റത്തിന് കുറ്റവാളിയ്ക്ക് മേൽ കുറ്റം ചുമത്തിയത്. എതിർകക്ഷികൾ തർക്കത്തിലുള്ള സ്വത്തുക്കൾ ആർജ്ജിച്ചത് 1959-നും 1980-നും ഇടയിലാണ്. അപവദിത അറിയിപ്പുകൾ പുറപ്പെടുവിക്കപ്പെട്ടത് 19.01.1994, 28.02.1994 എന്നീ തീയതികളിലും. കൂടാതെ, മുകളിൽ പറഞ്ഞതുപോലെ, കുറ്റവാളിക്കെതിരായ ക്രിമിനൽ നടപടികളിലോ, 02.02.1980-ന അദ്ദേഹത്തിന് നൽകിയ അറിയിപ്പിലോ പ്രസ്തുത സ്വത്തുക്കൾ പരാമർശിച്ചിട്ടില്ല. പിന്നീട് 25 വർഷങ്ങൾക്ക് ശേഷമാണ് യോഗ്യതയുള്ള അധികാരി എതിർകക്ഷികൾക്ക് അറിയിപ്പ് നൽകുകയും അതിൽ പരാമർശിച്ചിട്ടുള്ള സ്വത്തുക്കൾ നേടാൻ അവർ ഉപയോഗിച്ച പണത്തിന്റെ സ്രോതസ്സ് സംബന്ധിച്ച് വിശദീകരിക്കാനും കണക്ക് കാണിക്കാനും ആവശ്യപ്പെടുകയും ചെയ്യുന്നത്. പ്രസ്തുത അറിയിപ്പ് നൽകുന്നതിൽ 25 വർഷത്തെ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ യോഗ്യതയുള്ള അധികാരി വിശദീകരിച്ചിട്ടില്ല. ഈ കാലവിളംബം ന്യായീകരിക്കാവുന്നതല്ല എന്ന് മാത്രമല്ല, അത് അപ്രായോഗികവും നടപടിക്രമങ്ങൾ നടത്താനുള്ള ന്യായമായ സമയപരിധി സംബന്ധിച്ച മാനദണ്ഡത്തിന്റെ ലംഘനവുമാണ്. ഇപ്പോൾ, വീണ്ടുമൊരു 25 വർഷം കടന്നുപോയിരിക്കുന്നു. അതിനാൽ, ഇത്രയും കാലത്തിന് ശേഷം മുഴുവൻ നടപടിക്രമങ്ങളും പുനരാരംഭിച്ച്, പുനർനിർണ്ണയം ചെയ്യുന്നത് നീതിരഹിതവും എതിർകക്ഷികൾക്കും അവരിലൂടെ അവകാശവാദം ഉന്നയിക്കുന്ന വ്യക്തികൾക്കും ഗുരുതരവും

പരിഹരിക്കാനാവാത്തതുമായ വിധം ദോഷകരവുമായിരിക്കും.

24. നിലവിലെ കേസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് ഈ കോടതി അനുവദിക്കണമെന്ന് എതിർകക്ഷികളുടെ അഭിഭാഷകൻ അഭ്യർത്ഥിച്ചു; കാരണം അപ്പീൽവാദികളുടെ ഹർജികൾ അനുവദിച്ചാൽ പോലും, എതിർകക്ഷികൾ റിട്ട് ഹർജികളിൽ ഉന്നയിച്ചതും ഹൈക്കോടതി പരിഗണിക്കാത്തതുമായ മറ്റ് എല്ലാ വശങ്ങളും പരിഗണിക്കുന്നതിനായി കക്ഷികളെ ഹൈക്കോടതിയിലേക്ക് തിരികെ അയക്കേണ്ടിവരും. കുറ്റവാളിക്ക് പ്രാഥമിക അറിയിപ്പ് നൽകാതെ എതിർകക്ഷികൾക്കെതിരെ നടപടി ആരംഭിച്ചത് പ്രസ്തുത നടപടിക്രമങ്ങളെ മുഴുവൻ അസാധുവാക്കിയെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി മേൽപ്പറഞ്ഞ വശങ്ങൾ പരിഗണിക്കാതിരുന്നത്. വാസ്തവത്തിൽ, അപവദിത വിധിന്യായത്തിലെ 21-ാം ഖണ്ഡികയിൽ, നിയമാനുസൃതമായി പുതിയ നടപടികൾ ആരംഭിക്കാൻ അധികാരികൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. അങ്ങനെ ചെയ്യുന്നതിന് ഈ കോടതി ഇടക്കാല സ്റ്റേ ഏർപ്പെടുത്താതിരുന്നിട്ട് പോലും, അപ്പീൽവാദികൾ പുതിയ നടപടികൾ ആരംഭിക്കാൻ മുതിർന്നിട്ടില്ല.

25. അപ്പീൽവാദികൾക്ക് വേണ്ടി ഹാജരായ ബഹുമാനപ്പെട്ട അഡീഷണൽ സോളോസിറ്റർ ജനറൽ ഓഫ് ഇന്ത്യ ശ്രീ അമൻ ലേഖി, ബഹുമാനപ്പെട്ട മുതിർന്ന അഭിഭാഷകൻ ശ്രീ എ.കെ ശ്രീവാസ്തവ, എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ ബഹുമാനപ്പെട്ട അഭിഭാഷകൻ ശ്രീ അതുൽ ശങ്കർ വിനോദ് എന്നിവർ ഉന്നയിച്ച വാദങ്ങൾ ഈ കോടതി കേട്ടു.

26. 1976-ലെ നിയമത്തിലെ വ്യവസ്ഥകളെ സംബന്ധിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകൾ പരിശോധിക്കുന്നതിന് മുമ്പ്, ഈ നിയമം രൂപപ്പെടുത്തിയതിൽ നിയമനിർണ്ണമാണ സഭയ്ക്കുണ്ടായിരുന്ന ഉദ്ദേശ്യം മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. പ്രസ്തുത നിയമത്തിന്റെ

ആമുഖത്തിൽ നിന്നും ***അമൃത്‌ലാൽ പ്രാജീവൻദാസ്***[16] കേസിൽ ഈ കോടതിയുടെ ഒൻപതംഗ ഭരണഘടനാ ബെഞ്ച് ഈ വിഷയം സംബന്ധിച്ച് നടത്തിയ വിശദമായ വ്യാഖ്യാനത്തിൽ നിന്നും അത് മനസ്സിലാക്കാവുന്നതാണ്.

27. 1976-ലെ നിയമത്തിന്റെ ആമുഖത്തിൽ ഇപ്രകാരം പറയുന്നു:

"കള്ളക്കടത്തുകാർ, വിദേശ നാണയ വിനിമയ തട്ടിപ്പുകാർ എന്നിവർ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടിയുള്ള നിയമം.

ദേശീയ സമ്പദ്‌വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന കള്ളക്കടത്ത് പ്രവർത്തനങ്ങളും വിദേശ നാണയ വിനിമയ തട്ടിപ്പുകളും ഫലപ്രദമായി തടയുന്നതിന്, അത്തരം പ്രവർത്തനങ്ങളിലും തട്ടിപ്പുകളിലും ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്ന് അവരുടെ തെറ്റായ രീതിയിൽ സമ്പാദിച്ച ആസ്തികൾ തിരിച്ചുപിടിക്കേണ്ടത് ആവശ്യമാണ്.

കൂടാതെ, അത്തരം വ്യക്തികൾ സമ്പത്ത് നികുതി, ആദായ നികുതി എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളോ അല്ലെങ്കിൽ മറ്റ് നിയമങ്ങളോ ലംഘിച്ചോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ അവരുടെ ആസ്തികൾ വിപുലീകരിക്കുകയും അവരുടെ രഹസ്യ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, പല കേസുകളിലും അത്തരം വ്യക്തികൾ ഈ ആസ്തികൾ ഉപയോഗിച്ച് സമ്പാദിച്ച സ്വത്തുക്കൾ അവരുടെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വിശ്വസ്തരുടെയും പേരുകളിൽ സൂക്ഷിച്ചിട്ടുണ്ട്.

16 അടിക്കുറിപ്പ് 5-ൽ മേൽപരാമർശം

(ഊന്നൽ കൂട്ടിച്ചേർത്തിരിക്കുന്നു)

28. ഈ നിയമം രൂപപ്പെടുത്തിയതിന് പിന്നിൽ നിയമനിർമ്മാണ സഭയ്ക്കുണ്ടായിരുന്ന ഉദ്ദേശ്യം ഈ കോടതി വിശദമായി പരിശോധിച്ചിരുന്നു. പ്രസ്തുത ഉദ്ദേശ്യം ശക്തിപ്പെടുത്തുന്ന, 1976-ലെ നിയമത്തിലെ പ്രസക്തമായ വ്യവസ്ഥകളും കോടതി വിശകലനം ചെയ്തിട്ടുണ്ട്. "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ" (ഖണ്ഡിക 43-ലെ ചോദ്യം നമ്പർ 4), എന്ന പദത്തിന്റെ നിർവചനം കൈകാര്യം ചെയ്യുമ്പോൾ, പ്രസ്തുത പ്രയോഗം വളരെ വിശാലാർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് കോടതി ശ്രദ്ധിച്ചിരുന്നു. അതനുസരിച്ച്, നിയമം നടപ്പിലാക്കിയതിന് ശേഷം ആർജ്ജിച്ച സ്വത്തുക്കൾ മാത്രമല്ല, നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് ആർജ്ജിച്ച സ്വത്തുക്കളും, അത് "എത്ര കാലയളവിനുള്ളിലായാലും" നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടും. രണ്ടാമതായി, നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്ന് സമ്പാദിച്ച ആസ്തികൾ ഭാഗികമായി ഉപയോഗിച്ച് ആർജ്ജിച്ച സ്വത്തും മേൽപ്പറഞ്ഞ നിർവചനത്തിൽ ഉൾപ്പെടുന്നു - അങ്ങനെയുള്ള സന്ദർഭങ്ങളിൽ, വകുപ്പ് 9-ലെ വ്യവസ്ഥകളാണ് ബാധകമാകുക. കൂടാതെ, പ്രസ്തുത നിർവചനം പ്രകാരമുള്ള നിയമവിരുദ്ധമായ പ്രവർത്തനം, 1976-ലെ നിയമത്തിലെ വകുപ്പ് 2-ൽ പരാമർശിച്ചിട്ടുള്ള നിയമങ്ങളുടെ ലംഘനങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് പാർലമെന്റിന് രൂപം നൽകാൻ നടത്താൻ അധികാരമുള്ള എല്ലാ നിയമങ്ങളുടെയും ലംഘനവും അതിൽ ഉൾപ്പെടുന്നു. ഉദാഹരണത്തിന്, ഒരു കള്ളക്കടത്തുകാരൻ നികുതി നിയമങ്ങൾ വെട്ടിച്ചോ, മോഷണം, കൊള്ള, പിടിച്ചുപറി, ദുരുപയോഗം അല്ലെങ്കിൽ ഇന്ത്യൻ ശിക്ഷാ നിയമമോ നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമങ്ങളോ നിരോധിക്കുന്ന ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങളിലൂടെയോ എന്തെങ്കിലും സ്വത്തുക്കൾ നേടിയെടുത്തിട്ടുണ്ടെങ്കിൽ, അതെല്ലാം 1976-ലെ നിയമം പ്രകാരം കണ്ടുകെട്ടാവുന്നതാണ്.

29. "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ" എന്ന പ്രയോഗത്തിന്റെ വിശാലാർത്ഥത്തിലുള്ള നിർവചനം യുക്തിരഹിതവും ഏകപക്ഷീയവുമാണെന്ന

കാരണത്താലോ ഭരണഘടനയുടെ മൂന്നാം ഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും കാരണങ്ങളുടെ അടിസ്ഥാനത്തിലോ ചോദ്യം ചെയ്യാനാകില്ലെന്ന് ഭരണഘടനാ ബെഞ്ച് വിധിച്ചിരുന്നു. തുടർന്ന് ഭരണഘടനാ ബെഞ്ച് ഇപ്രകാരം നിരീക്ഷിച്ചു:

"ചോദ്യം നമ്പർ 4

43. കള്ളക്കടത്തിലും വിദേശനാണയ വിനിമയ തട്ടിപ്പുകളിലും ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ അത്തരം പ്രവർത്തനങ്ങളെക്കുറിച്ചോ, അതിൽ നിന്നുള്ള വരുമാനത്തെക്കുറിച്ചോ, അതുവഴി നേടിയ സ്വത്തുക്കളെക്കുറിച്ചോ കൃത്യവും ശരിയായതുമായ കണക്കുകൾ സൂക്ഷിക്കാറില്ലെന്നത് ഓർക്കേണ്ടതുണ്ട്. അങ്ങനെയുള്ള ആളുകൾ മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാലും സ്ഥിതി വ്യത്യസ്തമായിരിക്കില്ല. വിദേശനാണയ വിനിമയ നിയമങ്ങളുടെയും കയറ്റുമതി-ഇറക്കുമതി നിയമങ്ങളുടെയും ലംഘനത്തിൽ നികുതി നിയമങ്ങളുടെ ലംഘനം ഉൾപ്പെട്ടിരിക്കുന്നു. **കഴിഞ്ഞ കുറച്ച് ദശാബ്ദങ്ങളായി കള്ളക്കടത്ത്, വിദേശനാണയ വിനിമയ നിയമലംഘനങ്ങൾ, നികുതി വെട്ടിപ്പ്, മയക്കുമരുന്ന്, കുറ്റകൃത്യങ്ങൾ എന്നിവയെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. നികുതി വെട്ടിപ്പ് ഇത്തരം പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമാണ്. കണക്കുകളുടെയും മറ്റ് പ്രസക്തമായ രേഖകളുടെയും അഭാവത്തിൽ, ഒരു കള്ളക്കടത്തുകാരൻ നേടിയ സ്വത്തുക്കളിൽ ഏതൊക്കെയാണ് കള്ളക്കടത്ത്, വിദേശനാണയ വിനിമയ നിയമലംഘനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതെന്നും, ഏതൊക്കെയാണ് മറ്റ് നിയമങ്ങളുടെ (പാർലമെന്റിന് നിർമ്മിക്കാൻ അധികാരമുള്ള നിയമങ്ങൾ) ലംഘനങ്ങളുമായി ബന്ധപ്പെട്ടതെന്നും നിർണ്ണയിക്കാൻ ഏതൊരു അധികാരിക്കും പ്രയാസമായിരിക്കും. അതിനാലായിരിക്കാം, കാരണം കാണിക്കൽ നോട്ടീസിൽ പറഞ്ഞിട്ടുള്ള സ്വത്തുക്കൾ നിയമവിരുദ്ധമായി സമ്പാദിച്ചവയല്ലെന്ന് തെളിയിക്കേണ്ട ബാധ്യത ബന്ധപ്പെട്ട വ്യക്തിയിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത്. ഒരുപക്ഷേ, ഇത് അപകടകരമായ ഒരു**

രോഗത്തിന് സമൂലമായ ചികിത്സ ആവശ്യമുള്ള ഒരു സന്ദർഭമായിരിക്കാം. കയ്പേറിയ മരുന്ന് മോശം മരുന്നല്ല. നിയമപരമായി ഈ നിർവചനം ഏകപക്ഷീയമോ യുക്തിരഹിതമാം വിധം വിശാലാർത്ഥമുള്ള വാക്കുകളാൽ രൂപപ്പെടുത്തിയതാണെന്നോ പറയാൻ കഴിയില്ല. കൂടാതെ, വകുപ്പ് 3-ലെ ഖണ്ഡം (c)-ൽ ഉപയോഗിച്ചിരിക്കുന്ന വ്യക്തവും നിസ്സന്ദേഹവുമായ ഭാഷ കണക്കിലെടുക്കുമ്പോൾ, വ്യവസ്ഥകളെ വ്യാഖ്യാനിച്ച് സങ്കുചിതമാക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സാധ്യമല്ല. ഒരു വ്യവസ്ഥയെ ഭരണഘടനാ വിരുദ്ധവും അശക്തവും അധികാരപരിധിക്ക് പുറത്തുള്ളതെന്നും പ്രഖ്യാപിക്കുന്നത് ഒഴിവാക്കാനാണ് സാധാരണയായി ഈ മാർഗ്ഗം സ്വീകരിക്കാറുള്ളത്. അതിനാൽ, ഈ നിർവചനത്തിന്റെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്യാനാവില്ലെന്നും, മേൽപ്പറഞ്ഞ ഖണ്ഡത്തിലെ വ്യക്തവും നിസ്സന്ദേശവുമായ വാക്കുകൾ വ്യാഖ്യാനിച്ചു സങ്കുചിതമാക്കാൻ ഒരു കാരണവുമില്ലെന്നുമാണ് ഞങ്ങളുടെ അഭിപ്രായം. ഇത്തരമൊരു വ്യവസ്ഥ ഏർപ്പെടുത്തിയതിന്റെ ന്യായീകരണം സംബന്ധിച്ചിടത്തോളം, അതിന് ആവശ്യത്തിലധികം കാരണങ്ങളുണ്ട്. **കാരണം, നിയമവിരുദ്ധമായി നേടിയെടുത്ത ഈ സ്വത്തുക്കളെല്ലാം ജനങ്ങളുടെയും സർക്കാരിന്റെയും ചെലവിൽ, നിയമവിരുദ്ധവും അഴിമതി നിറഞ്ഞതുമായ മാർഗ്ഗങ്ങളിലൂടെയാണ് സമ്പാദിക്കുന്നത്. ഇത് സർക്കാരിന് ലഭിക്കേണ്ട ന്യായമായ വരുമാനം അത്രത്തോളം നഷ്ടപ്പെടുത്തുന്നു. ഈ സ്വത്തുക്കൾ ന്യായമായും അവയുടെ യഥാർത്ഥ ഉടമസ്ഥാവകാശിയായ സ്റ്റേറ്റിലേയ്ക്ക് തിരികെയെത്തണം..."**

(ഊന്നൽ കൂട്ടിച്ചേർത്തിരിക്കുന്നു)

30. മേൽപ്പറഞ്ഞ നിരീക്ഷണം നടത്തിയ ശേഷം, നിയമത്തിലെ വകുപ്പ് 2(2)-ന്റെ വ്യാപ്തി പരിശോധിക്കവേ കോടതി ഇപ്രകാരം നിരീക്ഷിച്ചു:

"ചോദ്യം നമ്പർ 5

44. കുറ്റവാളിയുടെ ബന്ധുക്കളിലേക്കും കൂട്ടാളികളിലേക്കും മറ്റ് 'കൈവശക്കാരിലേക്കും' SAFEMA-യുടെ വ്യവസ്ഥകൾ വ്യാപിപ്പിക്കുന്നത് അമിത ഇടപെടൽ അല്ലെങ്കിൽ നിയമത്തിന് അമിതമായ വ്യാപ്തി കല്പിക്കൽ ആണെന്നും, അത് അമിതമായ നിയന്ത്രണമാണെന്നും ഹർജിക്കാരന്റെ അഭിഭാഷകൻ വാദിച്ചു. SAFEMA-യിലെ വകുപ്പ് 2(2)-യിലെ ഖണ്ഡം (a) അല്ലെങ്കിൽ (b)-യിൽ ഉൾപ്പെടുന്ന ഒരു വ്യക്തിയുടെ ബന്ധുക്കളോ കൂട്ടാളികളോ സ്വന്തമായി സ്വത്തുക്കൾ ആർജ്ജിച്ചിരിക്കാം; അത് ഒരുപക്ഷേ നിയമവിരുദ്ധ മാർഗ്ഗങ്ങളിലൂടെയുമായിരിക്കാം. എന്നാൽ അവർ കുറ്റവാളിയുടെയോ തടവുകാരന്റെയോ ബന്ധുക്കളോ കൂട്ടാളികളോ ആയത് കൊണ്ടുമാത്രം ആ സ്വത്തുക്കൾ SAFEMA പ്രകാരം കണ്ടുകെട്ടുന്നതിന് ഒരു ന്യായീകരണവുമില്ലെന്നും അഭിഭാഷകൻ ബോധിപ്പിച്ചു. വിശദീകരണം (2)-ലെ 'ബന്ധു' എന്നതിന്റെയും വിശദീകരണം (3)-ലെ 'കൂട്ടാളികൾ' എന്നതിന്റെയും നിർവചനങ്ങൾ വളരെ വിശാലമാണെന്നും, അത് കുറ്റവാളി/ തടവുകാരനുമായി വിദൂര ബന്ധമുള്ള ഒരു വ്യക്തിയെപ്പോലും SAFEMA-യുടെ പരിധിയിൽ കൊണ്ടുവരുന്നുവെന്നും അഭിഭാഷകൻ ചൂണ്ടിക്കാട്ടി. ഒരിക്കൽ ആ വ്യക്തിയ്ക്ക് നിയമം ബാധകമായാൽ, അയാൾ നിയമവിരുദ്ധമായി സമ്പാദിച്ച എല്ലാ സ്വത്തുക്കളും പ്രസ്തുത നിയമപ്രകാരം കണ്ടുകെട്ടാൻ കഴിയുമെന്ന സ്ഥിതിയാകും. **ഞങ്ങളുടെ അഭിപ്രായത്തിൽ, ഈ വാദം ഒരു തെറ്റിദ്ധാരണയെ അടിസ്ഥാനമാക്കിയുള്ളതാണ്. വകുപ്പ് 2(2)-ലെ ഖണ്ഡം (a) അല്ലെങ്കിൽ (b)-യിൽ ഉൾപ്പെടുന്ന ഒരു വ്യക്തിയുടെ "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ" കണ്ടുകെട്ടാനാണ് SAFEMA ലക്ഷ്യമിടുന്നത്. കുറ്റവാളിയോ തടവുകാരനോ നിയമവിരുദ്ധമായി സമ്പാദിച്ചതും ബന്ധുക്കളുടെയോ കൂട്ടാളികളുടെയോ പേരിൽ ആർജ്ജിക്കുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടുള്ളതുമായ സ്വത്തുക്കൾ, നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകാതിരിക്കാൻ വേണ്ടി മാത്രമാണ് അവരെയും നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നത്. നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾ അത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്ന് നേടിയ സ്വത്തുക്കൾ അവരുടെ ബന്ധുക്കളുടെയും കൂട്ടാളികളുടെയും പേരിലാക്കി മറച്ചുവയ്ക്കാറുണ്ട് എന്നത് ഒരു വസ്തുതയാണ്. ചിലപ്പോൾ ഉടമസ്ഥാവകാശവും കൈമാറാനുള്ള ഉദ്ദേശ്യത്തോടെ തന്നെയാകും കുറ്റവാളി/തടവുകാരൻ അത്തരം സ്വത്തുക്കൾ അവർക്ക് കൈമാറുന്നത്.**

യഥാർത്ഥത്തിൽ, അത്തരം ബന്ധുവോ കൂട്ടാളിയോ കുറ്റവാളിയുടെ/തടവുകാരന്റെ സ്വത്തുക്കൾ എങ്ങനെ കൈവശം വയ്ക്കുന്നു–ഒരു ബിനാമിയായോ, വെറുമൊരു പേരുമാത്രം നൽകുന്നയാളായോ, അല്ലെങ്കിൽ പ്രതിഫലം നൽകിയ ഒരു കൈമാറ്റക്കാരനായോ, അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ– എന്നത് അപ്രസക്തമാണ്. അയാൾക്ക് ആ സ്വത്തുക്കളിന്മേൽ അവകാശവാദം ഉന്നയിക്കാൻ കഴിയില്ല എന്ന് മാത്രമല്ല നിയമപ്രകാരം അത് സർക്കാരിന് കൈമാറുകയും വേണം. പ്രസ്തുത വ്യക്തി നിയമപ്രകാരം നിർവചിക്കപ്പെട്ട ഒരു ബന്ധുവോ കൂട്ടാളിയോ ആയതിനാൽ, ആ സ്വത്ത് തടവുകാരൻ നേടിയതാണെന്ന് തെളിയിക്കപ്പെട്ടാൽ – അത് സ്വന്തം പേരിലോ ബന്ധുക്കളുടെയും കൂട്ടാളികളുടെയും പേരിലോ ആകാം – അയാൾക്ക് ഒരു പ്രതിരോധവും ഉന്നയിക്കാൻ കഴിയില്ല. വകുപ്പ് 2(2)–ലെ ഖണ്ഡം (a)–യിലും (b)–യിലും പരാമർശിച്ചിട്ടുള്ള വ്യക്തികൾ സ്വീകരിക്കുന്നതോ സ്വീകരിക്കാൻ സാധ്യതയുള്ളതോ ആയ പല തന്ത്രങ്ങളെയും ചെറുക്കുന്നതിനാണ് ആ ഉപവകുപ്പിലെ ഖണ്ഡം (c)–യിലും (d)–യിലും പരാമർശിച്ചിട്ടുള്ള അവരുടെ ബന്ധുക്കളെയും കൂട്ടാളികളെയും കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിരിക്കുന്നത്. കുറ്റവാളിയുടെ/തടവുകാരന്റെ സ്വത്തുക്കൾ, ബന്ധുക്കളോ കൂട്ടാളികളോ കൈവശം വയ്ക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്തിരിക്കുന്നത് തന്നെയാണ് ഇരുകൂട്ടരും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നത്. കുറ്റവാളിയുടെ/തടവുകാരന്റെ സ്വത്തുക്കൾ മാത്രമാണ്, അത് ആരുടെ കൈവശമായാലും, കണ്ടുകെട്ടാൻ ശ്രമിക്കുന്നത്. കുറ്റവാളിയുടെ സ്വത്തുക്കൾ, അവ ആരുടെ പേരിൽ സൂക്ഷിച്ചാലും ആര് കൈവശം വച്ചാലും, തിരിച്ചുപിടിക്കുക എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കുറ്റവാളി/തടവുകാരനുമായി ബന്ധിപ്പിക്കാനാകാത്തതും അയാളുടെ സ്വത്താണെന്ന് തെളിയിക്കാൻ കഴിയാത്തതുമായ, ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സ്വതന്ത്ര സ്വത്തുക്കൾ കണ്ടുകെട്ടാൻ വ്യവസ്ഥയില്ല, അവ SAFEMA–യുടെ പരിധിയിൽ വരുന്നവയുമല്ല. ഇത് സംബന്ധിച്ച് അല്പം കൂടി വിശദീകരിക്കാം. ഖണ്ഡം (a)യിലോ (b)–യിലോ (കുറ്റവാളിയെക്കുറിച്ചോ തടവുകാരനെക്കുറിച്ചോ പറയുന്നവ) പരാമർശിച്ചിട്ടുള്ള ഒരു വ്യക്തിയുടെ ബന്ധുവിനെയാണ് ഖണ്ഡം (c)–യിൽ പരാമർശിക്കുന്നത്. അതുപോലെ, ഖണ്ഡം (d)–യിൽ അത്തരം കുറ്റവാളിയുടെയോ തടവുകാരന്റെയോ കൂട്ടാളികളെക്കുറിച്ചാണ്**

പ്രതിപാദിക്കുന്നത്. ഖണ്ഡം (d)-യിൽ പരാമർശിച്ചിട്ടുള്ള കൂട്ടാളികൾ ആരാണെന്ന് വ്യക്തമാക്കുന്ന വിശദീകരണം (3) പരിശോധിച്ചാൽ, വിഷയം കൂടുതൽ വ്യക്തമാകും. 'കൂട്ടാളികൾ' എന്നാൽ - (i) അത്തരം വ്യക്തിയുടെ താമസസ്ഥലങ്ങളിൽ (പുറത്തുള്ള കെട്ടിടങ്ങൾ ഉൾപ്പെടെ) താമസിച്ചിട്ടുള്ളതോ താമസിക്കുന്നതോ ആയ ഏതൊരു വ്യക്തിയും ["അത്തരം വ്യക്തി" എന്നത് ഖണ്ഡം (a)-യിലോ (b)-യിലോ പരാമർശിച്ചിട്ടുള്ള കുറ്റവാളിയെയോ തടവുകാരനെയോ ആണ് സൂചിപ്പിക്കുന്നത്]; (ii) അത്തരം കുറ്റവാളിയുടെ/തടവുകാരന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുകയോ കണക്കുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടുള്ളതോ ചെയ്യുന്നതോ ആയ ഏതൊരു വ്യക്തിയും; (iii) അങ്ങനെയുള്ള കുറ്റവാളി/തടവുകാരൻ അംഗമോ പങ്കാളിയോ, ഡയറക്ടറോ ആയിരുന്നതോ ആയിട്ടുള്ളതോ ആയ ഏതെങ്കിലും വ്യക്തികളുടെ സംഘടന, വ്യക്തികളുടെ കൂട്ടായ്മ, പങ്കാളിത്ത സ്ഥാപനം അല്ലെങ്കിൽ സ്വകാര്യ കമ്പനി;

**** ഈ നിയമത്തിന്റെ ഉദ്ദേശ്യം അതായിരുന്നു എന്നത്, ആമുഖത്തിലെ നാലാം ഖണ്ഡികയിൽ നിന്ന് വ്യക്തമാണ്: "കൂടാതെ, അപ്രകാരം നേടിയ സ്വത്തുക്കൾ അത്തരം വ്യക്തികൾ പല കേസുകളിലും അവരുടെ ബന്ധുക്കളുടെയും, കൂട്ടാളികളുടെയും, വിശ്വസ്തരുടെയും പേരുകളിലാണ് കൈവശം വെച്ചിരിക്കുന്നത്." നിയമത്തിന്റെ വ്യാപ്തി പരിമിതപ്പെടുത്താൻ ആമുഖം ഉപയോഗിക്കാമെന്ന് ഞങ്ങൾ പറയുന്നില്ല, നിയമനിർമ്മാണത്തിന്റെ ലക്ഷ്യം മനസ്സിലാക്കാനും ഞങ്ങൾ നൽകിയ അർത്ഥവ്യാഖ്യാനം ആ ലക്ഷ്യത്തോട് യോജിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മാത്രമാണ് ഞങ്ങൾ ഇത് പരാമർശിക്കുന്നത്.**

(iv) അത്തരം വ്യക്തി, ഖണ്ഡം (iii)-ൽ പരാമർശിച്ചിട്ടുള്ള വ്യക്തികളുടെ സംഘടന, വ്യക്തികളുടെ കൂട്ടായ്മ, പങ്കാളിത്ത സ്ഥാപനം അല്ലെങ്കിൽ സ്വകാര്യ കമ്പനി എന്നിവയിൽ അംഗമോ, പങ്കാളിയോ, ഡയറക്ടറോ ആയിരുന്നതോ ആയിട്ടുള്ളതോ ആയ സമയത്ത്, അതിൽ അംഗമോ, പങ്കാളിയോ, ഡയറക്ടറോ ആയിരുന്നതോ ആയിട്ടുള്ളതോ ആയ ഏതൊരു വ്യക്തിയും; (v) ഖണ്ഡം (iii)-ൽ പരാമർശിച്ചിട്ടുള്ള

ഏതെങ്കിലും വ്യക്തികളുടെ സംഘടന, വ്യക്തികളുടെ കൂട്ടായ്മ, പങ്കാളിത്ത സ്ഥാപനം അല്ലെങ്കിൽ സ്വകാര്യ കമ്പനി എന്നിവയുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുകയോ കണക്കുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടുള്ളതോ ചെയ്യുന്നതോ ആയ ഏതൊരു വ്യക്തിയും; (vi) ഏതെങ്കിലും ട്രസ്റ്റിന്റെ ട്രസ്റ്റി, അവിടെ (a) ട്രസ്റ്റ് അത്തരം കുറ്റവാളി/തടവുകാരൻ സൃഷ്ടിച്ചതാണെങ്കിൽ; അല്ലെങ്കിൽ (b) ട്രസ്റ്റിലേക്ക് അങ്ങനെയുള്ള കുറ്റവാളി/തടവുകാരൻ സംഭാവന ചെയ്ത ആസ്തികളുടെ മൂല്യം, സംഭാവന ചെയ്യുന്ന തീയതിയിൽ ട്രസ്റ്റിന്റെ ആസ്തികളുടെ മൂല്യത്തിന്റെ 20% ത്തിൽ കുറയാത്തതാണെങ്കിൽ; കൂടാതെ (vii) രേഖാമൂലം രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, അത്തരം കുറ്റവാളി/തടവുകാരന്റെ ഏതെങ്കിലും സ്വത്തുക്കൾ മറ്റേതെങ്കിലും വ്യക്തി അദ്ദേഹത്തിന് വേണ്ടി കൈവശം വയ്ക്കുന്നു എന്ന് യോഗ്യതയുള്ള അധികാരിയ്ക്ക് തോന്നുന്നുവെങ്കിൽ, അത്തരം മറ്റേതെങ്കിലും വ്യക്തിയും. അതായത്, കുറ്റവാളിയുടെ/തടവുകാരന്റെ സ്വന്തമോ അല്ലെങ്കിൽ അത്തരം കുറ്റവാളി/തടവുകാരനുമായി ബന്ധപ്പെടുത്താവുന്നതോ ആയ സ്വത്തോ ആസ്തിയോ കൂട്ടാളി കൈവശം വയ്ക്കുന്നതാണ് ഇരുവരെയും ബന്ധിപ്പിക്കുന്ന കണ്ണിയെന്നത് വ്യക്തമാകുന്നു. **വകുപ്പ് 4-ഉം ഈ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. പ്രസ്തുത വകുപ്പിൽ, "ഈ നിയമം പ്രാബല്യത്തിൽ വരുന്നതുമുതൽ, ഈ നിയമം ബാധകമായ ഏതൊരു വ്യക്തിയും, നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് സ്വയമോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി വഴിയോ കൈവശം വയ്ക്കുന്നത് നിയമപരമായി അനുവദനീയമല്ല" എന്ന് പ്രഖ്യാപിക്കുന്നു. അത്തരം എല്ലാ സ്വത്തുക്കളും കണ്ടുകെട്ടാവുന്നതാണ്. ഈ വകുപ്പിലെ ഭാഷ നിയമത്തിന്റെ വ്യാപ്തിയെ സൂചിപ്പിക്കുന്നുണ്ട്. വകുപ്പ് 2(2)-ലെ ഖണ്ഡം (c)-യും (d)-യും അതിനോട് അനുബന്ധമായുള്ള വിശദീകരണങ്ങൾ (2)-ഉം (3)-ഉം നിയമത്തിന്റെ മൊത്തത്തിലുള്ള പദ്ധതിയുടെയും ലക്ഷ്യത്തിന്റെയും വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. കുറ്റവാളിയുടെ/തടവുകാരന്റെ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ, അത്തരം സ്വത്തുക്കൾ മേൽപ്പറഞ്ഞ വിശദീകരണങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ബന്ധുവിന്റെയോ കൂട്ടാളിയുടെയോ**

പേരിൽ കൈവശം വയ്ക്കുകയോ സൂക്ഷിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പോലും, കണ്ടുകെട്ടുക എന്നതാണ് ആശയം. അത്തരം ബന്ധുക്കളുടെയോ കൂട്ടാളികളുടെയോ സ്വതന്ത്ര സ്വത്തുക്കൾ, അവ നിയമവിരുദ്ധമായി നേടിയെടുത്തവയാണെങ്കിൽ കൂടി, കണ്ടുകെട്ടുക എന്നതല്ല, മറിച്ച് കുറ്റവാളിയുടെ/തടവുകാരന്റെ സ്വത്തുക്കളോ അദ്ദേഹവുമായി ബന്ധമുള്ളതാണെന്ന് കണ്ടെത്താൻ കഴിയുന്ന സ്വത്തുക്കളോ, അവ എവിടെയായാലും, അവയുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും അവഗണിച്ച് കണ്ടുകെട്ടുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന്, ഒരു കുറ്റവാളി/തടവുകാരൻ തന്റെ ബന്ധുവിന്റെയോ കൂട്ടാളിയുടെയോ പേരിൽ ഒരു സ്വത്ത് വാങ്ങുന്നു എന്നിരിക്കട്ടെ- പ്രസ്തുത ബന്ധു അല്ലെങ്കിൽ കൂട്ടാളി സ്വത്തിന്റെ ഉടമസ്ഥനായി പേരുമാത്രം നൽകുന്നയാളാണോ അതോ അയാൾ യഥാർത്ഥ ഉടമയും/അല്ലെങ്കിൽ കൈവശക്കാരനുമായിരിക്കണം എന്ന് കുറ്റവാളി ശരിക്കും ഉദ്ദേശിക്കുന്നുണ്ടോ എന്നത് പ്രശ്നമല്ല - അല്ലെങ്കിൽ തന്റെ സ്വത്തുക്കൾ തന്റെ ഏതെങ്കിലും ബന്ധുക്കൾക്കോ കൂട്ടാളികൾക്കോ സമ്മാനമായി നൽകുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നു, അല്ലെങ്കിൽ തന്റെ ഏതെങ്കിലും ബന്ധുക്കൾക്കോ കൂട്ടാളികൾക്കോ അവ വിൽക്കാൻ ശ്രമിക്കുന്നു - അത്തരം എല്ലാ സാഹചര്യങ്ങളിലും, അത്തരം സ്വത്തോ സ്വത്തുക്കളോ വകുപ്പ് 3(c)-യിലെ നിർവചനം അനുസരിച്ച് "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ" അല്ലെന്ന് കുറ്റവാളിയോ അയാളുടെ ബന്ധുവോ/കൂട്ടാളിയോ തെളിയിക്കുന്നില്ലെങ്കിൽ, പ്രസ്തുത സ്വത്തുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും അവഗണിക്കപ്പെടുകയും അത് കണ്ടുകെട്ടപ്പെടുകയും ചെയ്യും. ഈ പശ്ചാത്തലത്തിൽ, അത്തരം ബന്ധുക്കളുടെയും കൂട്ടാളികളുടെയും സ്വതന്ത്രമായി നേടിയെടുത്ത സ്വത്തുക്കൾ, അവ കുറ്റവാളിയുമായി യാതൊരു ബന്ധമില്ലാത്തവയാണെങ്കിൽ പോലും, കണ്ടുകെട്ടപ്പെടുമെന്നുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. വകുപ്പ് 2(2)(e)-യിൽ പരാമർശിച്ചിട്ടുള്ള കൈവശക്കാരെ (ബന്ധുക്കളോ കൂട്ടാളികളോ അല്ലാത്തവർ) സംബന്ധിച്ചിടത്തോളം, അവരെ നിയമത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അത്തരമൊരു വ്യക്തി, താൻ നല്ല വിശ്വാസത്തിൽ പ്രതിഫലം നൽകി സ്വത്ത്

സ്വീകരിച്ചയാളാണെന്ന് തെളിയിച്ചാൽ, അയാളുടെ സ്വത്ത് - ഒരു കുറ്റവാളിയിൽ/തടവുകാരനിൽ നിന്ന് വാങ്ങിയതാണെങ്കിൽ പോലും - കണ്ടുകെട്ടാൻ വ്യവസ്ഥയില്ല. **വകുപ്പ് 6 പ്രകാരം നൽകിയ കാരണം കാണിക്കൽ അറിയിപ്പിൽ പരാമർശിച്ചിട്ടുള്ളതും, അറിയിപ്പിലെ തീയതിയിൽ ഒരു കുറ്റവാളിയുടെയോ തടവുകാരന്റെയോ ബന്ധുവോ കൂട്ടാളിയോ കൈവശം വച്ചിട്ടുള്ളതുമായ സ്വത്തുക്കൾ കുറ്റവാളിയുടെയോ തടവുകാരന്റെയോ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കളല്ലെന്ന് സ്ഥാപിക്കേണ്ട ബാധ്യത അത്തരം ബന്ധുവിനോ/കൂട്ടാളിക്കോ ആണെന്ന് ആവർത്തിക്കേണ്ടതും ആവശ്യമാണ്. ആ സ്വത്ത് തടവുകാരൻ/കുറ്റവാളി നൽകിയ പണം കൊണ്ടോ ആസ്തികൾ കൊണ്ടോ നേടിയതല്ലെന്നും, അവ യഥാർത്ഥത്തിൽ അത്തരം തടവുകാരന്റേയോ/കുറ്റവാളിയുടേയോ ആയിരുന്നില്ലെന്നും അയാൾ സ്ഥാപിക്കണം.** കുറ്റവാളിയുടെ എല്ലാ ബന്ധുക്കളുടെയും കൂട്ടാളികളുടെയും സ്വത്തുക്കൾ, ഒരുപക്ഷേ നിയമവിരുദ്ധമായി നേടിയതാണെങ്കിൽ പോലും, പ്രസ്തുത വ്യക്തികൾ കുറ്റവാളിയുടെയോ/തടവുകാരന്റെയോ ബന്ധുക്കളോ കൂട്ടാളികളോ ആയതുകൊണ്ട് മാത്രം കണ്ടുകെട്ടണം എന്ന് പാർലമെന്റ് ഉദ്ദേശിച്ചിട്ടുണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. **ആ സ്വത്തുക്കളെയും കുറ്റവാളി/തടവുകാരനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണി ഉണ്ടായിരിക്കണം, അത് തെറ്റാണെന്ന് തെളിയിക്കേണ്ട ബാധ്യത, മുകളിൽ പറഞ്ഞതുപോലെ, ബന്ധുവിനോ/കൂട്ടാളിക്കോ ആണ്. ഈ പശ്ചാത്തലത്തിൽ, ഈ വിഷയത്തിൽ അപേക്ഷകരുടെ ആശങ്കയും വാദവും തെറ്റായ അടിസ്ഥാനത്തിലാണ് എന്ന് കരുതണം.** കുറ്റവാളിയുടെ ബന്ധുക്കളെയും കൂട്ടാളികളെയും വകുപ്പ് 2(2)-ലെ ഖണ്ഡം (e)-ൽ പരാമർശിച്ചിട്ടുള്ള വ്യക്തികളെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നത് വിവേചനപരമോ അനുച്ഛേദം 31-B നൽകുന്ന സംരക്ഷണം ഒഴിച്ച് നിർത്തിയാൽ അശക്തമോ അല്ല.

(ഊന്നൽ കൂട്ടിച്ചേർത്തിരിക്കുന്നു)

31. വകുപ്പ് 2(2)-ലെ ഖണ്ഡങ്ങൾ (c) മുതൽ (e) വരെയുള്ളവ, നിയമത്തിന്റെ അതിർവരമ്പുകൾ ലംഘിക്കുന്നതോ അമിതമായ വ്യാപ്തിയുള്ളതോ ആണോ എന്ന് പരിശോധിച്ച കോടതി, അമിതമായ നിയന്ത്രണത്തെക്കുറിച്ചുള്ള ഈ വാദം ഒരു തെറ്റിദ്ധാരണയെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. എന്തെന്നാൽ, "വകുപ്പ് 2(2)-ലെ ഖണ്ഡം (a) അല്ലെങ്കിൽ (b)-യിൽ പരാമർശിക്കുന്ന വ്യക്തി നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ" കണ്ടുകെട്ടാൻ മാത്രമാണ് ഈ നിയമം ലക്ഷ്യമിടുന്നത്. കുറ്റവാളി/തടവുകാരൻ നിയമവിരുദ്ധമായി സമ്പാദിച്ചതും ബന്ധുക്കളുടെയോ കൂട്ടാളികളുടെയോ പേരിൽ ആർജ്ജിക്കുകയോ സൂക്ഷിക്കുകയോ ചെയ്തിരിക്കുന്നതുമായ സ്വത്തുക്കൾ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകാതിരിക്കാൻ വേണ്ടി മാത്രമാണ് ബന്ധുക്കളെയും കൂട്ടാളികളെയും നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഖണ്ഡങ്ങൾ (a)-യിലും (b)-യിലും പരാമർശിക്കുന്ന വ്യക്തികൾ, അവർ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യാനുള്ള ഉദ്ദേശ്യത്തോടെ അവരുടെ ബന്ധുക്കൾക്കും കൂട്ടാളികൾക്കും "അത് കൂടാതെയുള്ളവർക്കും" കൈമാറ്റം ചെയ്തേക്കാം. അതുകൊണ്ടുതന്നെ, അത്തരം ബന്ധുവോ കൂട്ടാളിയോ കുറ്റവാളിയുടെ/തടവുകാരന്റെ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് എങ്ങനെ കൈവശം വയ്ക്കുന്നു-അത് ഒരു ബിനാമിയായോ, വെറുമൊരു പേരുനൽകിയ ആളായോ, കൈമാറ്റം സ്വീകരിച്ച ആളായോ, അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലോ ആകാം- എന്നത് അപ്രധാനമാണ്. വകുപ്പ് 2(2)-ലെ ഖണ്ഡങ്ങൾ (a) അല്ലെങ്കിൽ (b)-യിൽ പരാമർശിക്കുന്ന വ്യക്തികൾ സ്വീകരിക്കുന്നതും സ്വീകരിക്കാൻ സാധ്യതയുള്ളതും ആയ തന്ത്രങ്ങളെ ചെറുക്കുക എന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും എന്നതിനാലാണ് പ്രസ്തുത ഉപവകുപ്പിലെ ഖണ്ഡങ്ങൾ (c) അല്ലെങ്കിൽ (d)-യിൽ പരാമർശിക്കുന്ന, അവരുടെ ബന്ധുക്കളെയും കൂട്ടാളികളെയും കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിരിക്കുന്നത്. കുറ്റവാളി/തടവുകാരൻ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് അയാളുടെ ബന്ധുക്കളോ കൂട്ടാളികളോ കൈവശം വയ്ക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്തിരിക്കുന്നു എന്നതാണ് ഇരുകൂട്ടരെയും ബന്ധിപ്പിക്കുന്ന കണ്ണി. കുറ്റവാളിയുടെ/തടവുകാരന്റെ സ്വത്തുക്കൾ എവിടെയാണെങ്കിലും,

ആരുടെ പേരിൽ സൂക്ഷിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്തിരിക്കുന്നതായാലും അവ കണ്ടുകെട്ടുക എന്നതാണ് ഈ നിയമത്തിന്റെ പ്രധാന ആശയം.

32. ഭരണഘടനാ ബെഞ്ച് വ്യവസ്ഥാപിതമാക്കിയ പ്രമാണത്തിന്റെയും ഈ കോടതി പിൽക്കാലത്ത് പുറപ്പെടുവിച്ച വിധിന്യായങ്ങളുടെയും പശ്ചാത്തലത്തിൽ, നിർദ്ദിഷ്ട കുറ്റവാളി/തടവിലാക്കപ്പെട്ട വ്യക്തി "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ" -അത് ആരുടെ പേരിൽ സൂക്ഷിച്ചാലും അല്ലെങ്കിൽ ആര് കൈവശം സൂക്ഷിച്ചാലും, എത്ര കാലത്തിന് ശേഷമായാലും- കണ്ടുകെട്ടുക എന്നതാണ് 1976-ലെ നിയമത്തിന്റെ കാതലായ ലക്ഷ്യം എന്ന് ഈ കോടതി കൂട്ടിച്ചേർക്കുകയാണ്.

33. 1976-ലെ നിയമത്തിന് കീഴിലെ ഇളവ്, ആ നിയമത്തിലെ വകുപ്പ് 2(2)[17]-ൽ പരാമർശിക്കുന്ന വ്യക്തികൾക്ക് മാത്രമേ ബാധകമാകുകയുള്ളൂ.

34. വകുപ്പ് 2(2)(a) നിർദ്ദിഷ്ട നിയമങ്ങൾ പ്രകാരം കുറ്റം ചുമത്തപ്പെട്ട വ്യക്തികളെക്കുറിച്ചാണ്. അതേസമയം, നിർദ്ദിഷ്ട തടങ്കൽ നിയമപ്രകാരം തടവിൽ വച്ചിരിക്കുന്ന വ്യക്തികളെക്കുറിച്ചാണ് വകുപ്പ് 2(2)(b)-ൽ പറയുന്നത്. 1976-ലെ നിയമം

---

17 **2. പ്രയോഗം.**- (1) ഈ നിയമത്തിലെ വ്യവസ്ഥകൾ ഉപ-വകുപ്പ് (2)-ൽ പരാമർശിച്ചിരിക്കുന്ന വ്യക്തികൾക്ക് മാത്രമേ ബാധകമാകുകയുള്ളൂ.

(2) ഉപ-വകുപ്പ് (1) പരാമർശിച്ചിട്ടുള്ള വ്യക്തികൾ താഴെപ്പറയുന്നവരാണ്:-

1. ഇനിപ്പറയുന്ന ഏതൊരു വ്യക്തിയും-

   (i) ഒരു ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിന് 1878-ലെ സീ കസ്റ്റംസ് നിയമം (1878-ലെ 8), അല്ലെങ്കിൽ 1962-ലെ കസ്റ്റംസ് നിയമം (1962-ലെ 52) പ്രകാരം കുറ്റം ചുമത്തിയ വ്യക്തി; അല്ലെങ്കിൽ

   (ii) ഒരു ലക്ഷം രൂപയിൽ കൂടുതൽ മൂല്യമോ തുകയോ ഉൾപ്പെട്ടിട്ടുള്ള ഒരു കുറ്റകൃത്യത്തിന് 1947-ലെ ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ നിയമം (1947-ലെ 7), അല്ലെങ്കിൽ 1973-ലെ ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ നിയമം (1973-ലെ 46) പ്രകാരം കുറ്റം ചുമത്തിയിരിക്കുന്ന വ്യക്തി; അല്ലെങ്കിൽ

   (iii) 1878-ലെ സീ കസ്റ്റംസ് നിയമം (1878-ലെ 8), അല്ലെങ്കിൽ 1962-ലെ കസ്റ്റംസ് നിയമം (1962-ലെ 52) പ്രകാരം കുറ്റം ചുമത്തുകയും, പിന്നീട് ആ നിയമങ്ങളിൽ ഏതെങ്കിലും ഒന്നിനു കീഴിൽ വീണ്ടും കുറ്റം ചുമത്തുകയും ചെയ്ത വ്യക്തി; അല്ലെങ്കിൽ

   (iv) 1947-ലെ ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ നിയമം (1947-ലെ 7), അല്ലെങ്കിൽ 1973 ലെ ഫോറിൻ എക്സ്ചേഞ്ച് റെഗുലേഷൻ നിയമം (1973-ലെ 46) പ്രകാരം കുറ്റം ചുമത്തുകയും, പിന്നീട് ആ നിയമങ്ങളിൽ ഏതെങ്കിലും ഒന്നിനു കീഴിൽ വീണ്ടും കുറ്റം ചുമത്തുകയും ചെയ്ത വ്യക്തി ;

2. 1974-ലെ കൺസർവേഷൻ ഓഫ് ഫോറിൻ എക്സ്ചേഞ്ച് ആൻഡ് പ്രിവൻഷൻ ഓഫ് സ്മഗ്ലിങ് ആക്ടിവിറ്റിസ് നിയമം (1974-ലെ 52) പ്രകാരം തടങ്കലിൽ വയ്ക്കാൻ ഉത്തരവിട്ട ഏതൊരു വ്യക്തിയും; എന്നാൽ പ്രസ്തുത തടങ്കൽ ഉത്തരവ്

   (i) പ്രസ്തുത നിയമത്തിലെ വകുപ്പുകൾ 9 അല്ലെങ്കിൽ 12A-യിലെ വ്യവസ്ഥകൾ ബാധകമല്ലാത്ത ഉത്തരവാണെന്നിരിക്കെ, പ്രസ്തുത നിയമത്തിലെ വകുപ്പ് 8 പ്രകാരമുള്ള ഉപദേശക ബോർഡിന്റെ

ബാധകമാകുന്ന "വ്യക്തി" എന്ന പദം, ഖണ്ഡം (a) അനുസരിച്ച് നിർദ്ദിഷ്ട നിയമങ്ങൾ അല്ലെങ്കിൽ ഖണ്ഡങ്ങൾ പ്രകാരം കുറ്റം ചുമത്തപ്പെട്ട അല്ലെങ്കിൽ ഖണ്ഡം (b) പ്രകാരം 1974-ലെ കൺസർവേഷൻ ഓഫ് ഫോറിൻ എക്സ്ചേഞ്ച് ആൻഡ് പ്രിവൻഷൻ ഓഫ് സ്മഗ്ളിങ് ആക്ടിവിറ്റീസ് നിയമത്തിന് കീഴിൽ തടങ്കലിൽ വയ്ക്കപ്പെട്ട ഒരു വ്യക്തിയുടെ ബന്ധുവായിട്ടുള്ള എല്ലാവരെയും ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്. ഒരു കുറ്റവാളിയോ തടവുകാരനോ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ തിരികെ കൈവശപ്പെടുത്താനുള്ള തിരുത്തൽ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ ഉപദേശക ബോർഡിന്റെ റിപ്പോർട്ട് ലഭിക്കുന്നതിന് മുൻപോ ഉപദേശക ബോർഡിലേക്ക് റഫറൻസ് നൽകുന്നതിന് മുൻപോ റദ്ദാക്കിയിട്ടില്ലാത്തതായിരിക്കണം; അല്ലെങ്കിൽ

(ii) പ്രസ്തുത നിയമത്തിലെ വകുപ്പ് 9-ലെ വ്യവസ്ഥകൾ ബാധകമായ ഉത്തരവാണെന്നിരിക്കെ, വകുപ്പ് 9-ലെ ഉപവകുപ്പ് (3) പ്രകാരമുള്ള അവലോകനത്തിന്റെ അടിസ്ഥാനത്തിലോ അതിനുള്ള സമയപരിധി കഴിയുന്നതിന് മുൻപോ അല്ലെങ്കിൽ പ്രസ്തുത നിയമത്തിലെ വകുപ്പ് 8, 9-ാം വകുപ്പിലെ ഉപവകുപ്പ് (2) എന്നിവ സംയുക്തമായി നൽകുന്ന അധികാരം വിനിയോഗിച്ച് രൂപീകരിച്ച ഉപദേശക സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ റദ്ദാക്കിയിട്ടില്ലാത്തതായിരിക്കണം; അല്ലെങ്കിൽ

(iii) പ്രസ്തുത നിയമത്തിലെ വകുപ്പ് 12A-യുടെ വ്യവസ്ഥകൾ ബാധകമായ ഉത്തരവാണെന്നിരിക്കെ, ആ വകുപ്പിലെ ഉപവകുപ്പ് (3) പ്രകാരമുള്ള ആദ്യത്തെ പുനഃപരിശോധനയുടെ സമയപരിധി കഴിയുന്നതിന് മുമ്പോ, അല്ലെങ്കിൽ അതിന്റെ അടിസ്ഥാനത്തിലോ, അല്ലെങ്കിൽ ആ നിയമത്തിലെ വകുപ്പ്12A -യുടെ ഉപവകുപ്പ് (6), വകുപ്പ് 8 എന്നിവ സംയുക്തമായി നൽകുന്ന അധികാരം വിനിയോഗിച്ച് രൂപീകരിച്ച ഉപദേശക സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ റദ്ദാക്കിയിട്ടില്ലാത്തതായിരിക്കണം; അല്ലെങ്കിൽ

(iv) യോഗ്യമായ അധികാരപരിധിയുള്ള കോടതി റദ്ദാക്കിയിട്ടില്ലാത്തതായിരിക്കണം;

(c) ഖണ്ഡം (a) അല്ലെങ്കിൽ (b)-യിൽ പരാമർശിച്ചിരിക്കുന്ന ഒരു വ്യക്തിയുടെ ബന്ധുവായ ഏതൊരു വ്യക്തിയും;

(d) ഖണ്ഡം (a) അല്ലെങ്കിൽ (b)-യിൽ പരാമർശിച്ചിരിക്കുന്ന ഒരു വ്യക്തിയുടെ കൂട്ടാളിയായ ഏതൊരു വ്യക്തിയും;

(e) ഖണ്ഡം (a) അല്ലെങ്കിൽ (b)-യിൽ പരാമർശിച്ചിരിക്കുന്ന ഒരു വ്യക്തി മുൻപ് ഏതെങ്കിലും സമയത്ത് കൈവശം വച്ചിരുന്ന ഏതെങ്കിലും സ്വത്തിന്റെ ഏതെങ്കിലും ഉടമ (ഈ ഖണ്ഡത്തിൽ ഇനി മുതൽ

നടപടികളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി, വകുപ്പ് 2-ലെ വിശദീകരണം 2-ൽ "ബന്ധു" എന്ന പദത്തിന്റെ നിർവചനവും വിശാലമാക്കിയിട്ടുണ്ട്.

നിലവിലെ ഉടമ എന്ന് ഉപയോഗിക്കുന്നു); നിലവിലെ ഉടമ അല്ലെങ്കിൽ, സാഹചര്യമനുസരിച്ച്, അത്തരം വ്യക്തിക്ക് ശേഷവും നിലവിലെ ഉടമയ്ക്ക് മുൻപും അത്തരം സ്വത്ത് കൈവശം വച്ചിരുന്ന ആരെങ്കിലും, പ്രതിഫലം നൽകി, നല്ല വിശ്വാസത്തിൽ സ്വത്ത് കൈവശം വാങ്ങിയതാണെങ്കിൽ പ്രസ്തുത നിയമം ബാധകമാകില്ല.

വിശദീകരണം 1.—ഖണ്ഡം (a) യുടെ ഉപവകുപ്പ് (i)-ന്റെ ഉദ്ദേശ്യങ്ങൾക്കായി, ഏതു സാധനങ്ങളുടെ വ്യവഹാരവുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിനാണോ ഒരു വ്യക്തിയുടെ മേൽ കുറ്റം ചാർത്തിയിരിക്കുന്നത്, പ്രസ്തുത സാധനങ്ങളുടെ മൂല്യം എന്നത് കുറ്റകൃത്യം നടന്ന തീയതിയിൽ ഇന്ത്യയിലെ സാധാരണ വ്യാപാര ഗതി അനുസരിച്ചുള്ള അവയുടെ മൊത്തവിലയ്ക്ക് തുല്യമായിരിക്കും.

വിശദീകരണം 2.—ഖണ്ഡം (c)-യുടെ ഉദ്ദ്യേശങ്ങൾക്കായി, ഒരു വ്യക്തിയുടെ ബന്ധു എന്ന നിർവചനത്തിൽ താഴെപ്പറയുന്നവർ ഉൾപ്പെടും-

(i) വ്യക്തിയുടെ ജീവിതപങ്കാളി;

(ii) വ്യക്തിയുടെ സഹോദരൻ അല്ലെങ്കിൽ സഹോദരി;

(iii)വ്യക്തിയുടെ ജീവിതപങ്കാളിയുടെ സഹോദരൻ അല്ലെങ്കിൽ സഹോദരി;

(iv) വ്യക്തിയുടെ നേർവംശപരമ്പരയിലുള്ള മുൻഗാമി അല്ലെങ്കിൽ പിൻഗാമി;

(v) വ്യക്തിയുടെ ജീവിതപങ്കാളിയുടെ നേർവംശപരമ്പരയിലുള്ള മുൻഗാമി അല്ലെങ്കിൽ പിൻഗാമി;

(vi) ഖണ്ഡം (ii), ഖണ്ഡം (iii), ഖണ്ഡം (iv) അല്ലെങ്കിൽ ഖണ്ഡം (v) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന വ്യക്തിയുടെ ജീവിതപങ്കാളി;

(vii) ഖണ്ഡം (ii) അല്ലെങ്കിൽ ഖണ്ഡം (iii) ൽ പരാമർശിച്ചിരിക്കുന്ന ഒരു വ്യക്തിയുടെ നേർവംശപരമ്പരയിലുള്ള പിൻഗാമി.

വിശദീകരണം 3.—ഖണ്ഡം (d)-യുടെ ഉദ്ദ്യേശങ്ങൾക്കായി, ഒരു വ്യക്തിയുടെ കൂട്ടാളി എന്ന നിർവചനത്തിൽ താഴെപ്പറയുന്നവർ ഉൾപ്പെടും-

35. ഈ കേസിലെ എതിർകക്ഷികൾ കുറ്റവാളിയുടെ സഹോദരന്റെ ഭാര്യയും മകനുമായതിനാൽ, 1976-ലെ നിയമം ബാധകമാകുന്നു. കുറ്റവാളിയുടെ ബന്ധു എന്ന നിർവചനത്തിൽ ഉൾപ്പെടുന്നവരാണെന്നത് വ്യക്തമാണ്.

36. ഒരു കുറ്റവാളിയുടെയോ തടവുകാരന്റെയോ കൂട്ടാളിയെയും പ്രസ്തുത നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി വകുപ്പ് 2(2)(d), പ്രസ്തുത നിയമത്തിന്റെ വ്യാപ്തി വീണ്ടും

(i) അത്തരം വ്യക്തിയുടെ താമസസ്ഥലങ്ങളിൽ (പുറത്തുള്ള കെട്ടിടങ്ങൾ ഉൾപ്പെടെ) താമസിച്ചിട്ടുള്ളതോ താമസിക്കുന്നതോ ആയ ഏതൊരു വ്യക്തിയും;

(ii) അത്തരം വ്യക്തിയുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുകയോ കണക്കുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടുള്ളതോ ചെയ്യുന്നതോ ആയ ഏതൊരു വ്യക്തിയും;

(iii) അങ്ങനെയുള്ള വ്യക്തി അംഗമോ പങ്കാളിയോ, ഡയറക്ടറോ ആയിരുന്നതോ ആയിട്ടുള്ളതോ ആയ ഏതെങ്കിലും വ്യക്തികളുടെ സംഘടന, വ്യക്തികളുടെ കൂട്ടായ്മ, പങ്കാളിത്ത സ്ഥാപനം അല്ലെങ്കിൽ 1956-ലെ കമ്പനി നിയമത്തിൽ നൽകിയിരിക്കുന്ന നിർവചനം പ്രകാരമുള്ള ഒരു സ്വകാര്യ കമ്പനി;

(iv) അത്തരം വ്യക്തി, ഖണ്ഡം (iii)-ൽ പരാമർശിച്ചിട്ടുള്ള വ്യക്തികളുടെ സംഘടന, വ്യക്തികളുടെ കൂട്ടായ്മ, പങ്കാളിത്ത സ്ഥാപനം അല്ലെങ്കിൽ സ്വകാര്യ കമ്പനി എന്നിവയിൽ അംഗമോ, പങ്കാളിയോ, ഡയറക്ടറോ ആയിരുന്നതോ ആയിട്ടുള്ളതോ ആയ സമയത്ത്, അതിൽ അംഗമോ, പങ്കാളിയോ, ഡയറക്ടറോ ആയിരുന്നതോ ആയിട്ടുള്ളതോ ആയ ഏതൊരു വ്യക്തിയും;

(v) ഖണ്ഡം (iii)-ൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വ്യക്തികളുടെ സംഘടന, വ്യക്തികളുടെ കൂട്ടായ്മ, പങ്കാളിത്ത സ്ഥാപനം അല്ലെങ്കിൽ സ്വകാര്യ കമ്പനി എന്നിവയുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുകയോ കണക്കുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടുള്ളതോ ചെയ്യുന്നതോ ആയ ഏതൊരു വ്യക്തിയും;

(vi) ഏതെങ്കിലും ട്രസ്റ്റിന്റെ ട്രസ്റ്റി, അവിടെ

(a) ട്രസ്റ്റ് അത്തരം വ്യക്തി സൃഷ്ടിച്ചതാണെങ്കിൽ; അല്ലെങ്കിൽ

(b) ട്രസ്റ്റിലേക്ക് അങ്ങനെയുള്ള വ്യക്തി സംഭാവന ചെയ്ത ആസ്തികളുടെ മൂല്യം, സംഭാവന ചെയ്യുന്ന തീയതിയിൽ ട്രസ്റ്റിന്റെ ആസ്തികളുടെ മൂല്യത്തിന്റെ 20%-ത്തിൽ കുറയാത്തതാണെങ്കിൽ; കൂടാതെ

വർധിപ്പിക്കുന്നു. ഖണ്ഡം (a) അല്ലെങ്കിൽ (b)-യിൽ പരാമർശിച്ചിരിക്കുന്ന ഒരു വ്യക്തി-അത് കുറ്റവാളിയോ തടവുകാരനോ ആകാം- മുൻപ് ഏതെങ്കിലും കാലത്ത് കൈവശം വച്ചിരുന്ന സ്വത്തിന്റെ ഏതൊരു കൈവശക്കാരനും (നിലവിലെ ഉടമ) വകുപ്പ് 2(2)(e) പ്രകാരം നിയമം ബാധകമാണ്.

37. ഇത്തരമൊരു നിയമത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും അതിനു അനുബന്ധമായി നൽകിയിട്ടുള്ള വിശദീകരണം 4-ൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. കുറ്റവാളിയ്ക്കോ തടവുകാരനോ തന്റെ ബന്ധു, കൂട്ടാളി അല്ലെങ്കിൽ വകുപ്പ് 2(2)-ലെ ഖണ്ഡം (e)-യ്ക്ക് കീഴിൽ വരുന്ന മറ്റേതെങ്കിലും വ്യക്തിയുടെ പേരിൽ സ്വത്തുക്കൾ നിയമപരമായി കൈമാറ്റം ചെയ്യുന്നത് ഉൾപ്പെടെയുള്ള മറവുകൾ അല്ലെങ്കിൽ വഞ്ചന നടത്തി രക്ഷപ്പെടാൻ കഴിയില്ലെന്ന് ഉറപ്പാക്കുക എന്നതാണ് പ്രസ്തുത വകുപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്.

38. ഖണ്ഡങ്ങൾ (c) മുതൽ (e) വരെയുള്ളവയുടെ ഇത്തരത്തിലുള്ള വിപുലീകൃത വ്യാപ്തി പ്രസ്തുത നിയമത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും കണക്കിലെടുത്ത് വ്യാഖ്യാനിക്കണം; അതേസമയം, കുറ്റവാളിയുടെയോ തടവുകാരന്റെയോ ബന്ധുവിന്റെയോ കൂട്ടാളിയുടെയോ ഉടമസ്ഥതയിലുള്ള സ്വത്തുക്കളിൽ, കുറ്റവാളിയുടെയോ തടവുകാരന്റെയോ നിയമവിരുദ്ധ പ്രവർത്തനങ്ങളുമായുള്ള ബന്ധം സ്ഥാപിക്കപ്പെട്ടിട്ടില്ലാത്തവ നിയമത്തിന്റെ പരിധിയിൽ

(vii) രേഖാമൂലം രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, അത്തരം വ്യക്തിയുടെ ഏതെങ്കിലും സ്വത്തുക്കൾ മറ്റേതെങ്കിലും വ്യക്തി അദ്ദേഹത്തിന് വേണ്ടി കൈവശം വയ്ക്കുന്നു എന്ന് യോഗ്യതയുള്ള അധികാരിയ്ക്ക് തോന്നുന്നുവെങ്കിൽ, അത്തരം മറ്റേതെങ്കിലും വ്യക്തിയും.

വിശദീകരണം 4.—സംശയം ഒഴിവാക്കുന്നതിനായി, ഒരു വ്യക്തിയ്ക്ക് ഈ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണോ എന്ന ചോദ്യം, ഈ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് സംഭവിച്ചതോ നടന്നതോ ആയ ഏതെങ്കിലും വസ്തുതകൾ, സാഹചര്യങ്ങൾ അല്ലെങ്കിൽ സംഭവങ്ങൾ (ഏതെങ്കിലും ശിക്ഷയോ തടങ്കലോ ഉൾപ്പെടെ) എന്നിവയെ അടിസ്ഥാനമാക്കി നിർണ്ണയിക്കാവുന്നതാണ്.

(ഊന്നൽ കൂട്ടിച്ചേർത്തിരിക്കുന്നു)

വരികയില്ല. കാരണം, വകുപ്പ് 2(2)-ലെ (a), (b) എന്നീ ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന വ്യക്തി 'നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ'-മൂന്നാമതൊരാൾ കൈവശം വച്ചിട്ടുള്ള അവരുടെ നിർദ്ദിഷ്ട സ്വത്തുക്കൾ ഉൾപ്പെടെ-കണ്ടുകെട്ടാൻ മാത്രമേ നിയമം നിർദ്ദേശിക്കുന്നുള്ളൂ. കുറ്റവാളിയുടെയോ തടവുകാരന്റെയോ നിയമവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധമില്ലാത്ത, ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സ്വതന്ത്ര സ്വത്തുക്കൾ കണ്ടുകെട്ടാൻ നിയമം ഉദ്ദേശിക്കുകയോ അവ നിയമത്തിന്റെ പരിധിയിൽ വരികയോ ചെയ്യുന്നില്ല.

39. ഖണ്ഡം 3-ലാണ് നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളുടെ നിർവചനം നൽകിയിരിക്കുന്നത്. വകുപ്പ് 3-ന കീഴിലെ ഉപവകുപ്പ് (1)-ലെ ഖണ്ഡം (c)[18]-യിൽ "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത്" എന്ന പ്രയോഗം വിശദീകരിക്കുന്നുണ്ട്.

---

18 **3. നിർവചനങ്ങൾ** 1) ഈ നിയമത്തിൽ, സാന്ദർഭികമായി മറ്റ അർത്ഥങ്ങൾ ഉരുത്തിരിയാത്തിടത്തോളം, (a), b)....

(c) ഈ നിയമം ബാധകമാകുന്ന ഏതൊരാളെയും സംബന്ധിച്ചിടത്തോളം, "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത്"എന്നതുകൊണ്ട് അർത്ഥമാക്കുന്നത്—

(i) ഈ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപോ അതിന് ശേഷമോ, പാർലമെന്റിന് നിയമനിർമ്മാണം നടത്താൻ അധികാരമുള്ള ഏതൊരു കാര്യത്തെ സംബന്ധിച്ചും നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരം നിരോധിച്ചിട്ടുള്ള ഏതെങ്കിലും പ്രവർത്തനത്തിൽ നിന്നും ലഭിച്ചതോ, അതുമായി ബന്ധപ്പെട്ടതോ ആയ വരുമാനം, സമ്പാദ്യം, അല്ലെങ്കിൽ ആസ്തികൾ എന്നിവയിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ അത്തരം വ്യക്തി നേടിയെടുത്ത ഏതൊരു സ്വത്തും; അല്ലെങ്കിൽ

(ii) ഈ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപോ അതിന് ശേഷമോ, അത്തരം ഏതെങ്കിലും നിയമം ലംഘിക്കപ്പെട്ടതുമായി ബന്ധപ്പെട്ട വരുമാനം, സമ്പാദ്യം, അല്ലെങ്കിൽ ആസ്തികൾ എന്നിവയിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ അത്തരം വ്യക്തി നേടിയെടുത്ത ഏതൊരു സ്വത്തും; അല്ലെങ്കിൽ

(iii) ഈ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപോ അതിന് ശേഷമോ, പാർലമെന്റിന് നിയമനിർമ്മാണം നടത്താൻ അധികാരമില്ലാത്ത ഏതൊരു കാര്യത്തെ സംബന്ധിച്ചും ചെയ്ത ഏതെങ്കിലും പ്രവൃത്തിയിൽ നിന്നാണ് ലഭിച്ചതെന്ന് തെളിയിക്കാൻ കഴിയാത്തതും ഉറവിടം തെളിയിക്കാൻ സാധിക്കാത്തതുമായ ഏതൊരു വരുമാനം, സമ്പാദ്യം, അല്ലെങ്കിൽ ആസ്തികൾ എന്നിവയിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ അത്തരം വ്യക്തി നേടിയെടുത്ത ഏതൊരു സ്വത്തും; അല്ലെങ്കിൽ

(iv) ഈ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപോ അതിന് ശേഷമോ, മേൽപ്പറഞ്ഞ ഉപവകുപ്പുകളിലെ (i) മുതൽ (iii) വരെയുള്ളവയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സ്വത്തിൽ നിന്നോ അത്തരം സ്വത്തിൽ നിന്നുള്ള വരുമാനം/സമ്പാദ്യത്തിൽ നിന്നോ പ്രതിഫലത്തിനായോ മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ പൂർണ്ണമായോ ഭാഗികമായോ അത്തരം വ്യക്തി നേടിയെടുത്ത ഏതൊരു സ്വത്തും;

എന്നിവയാകാം; കൂടാതെ അതിൽ താഴെപ്പറയുന്നവയും ഉൾപ്പെടുന്നു—

ഈ കേസുമായി ബന്ധപ്പെട്ട് പ്രസക്തമായ മറ്റൊരു നിർവചനം വകുപ്പ് 3(1)(e)[19]-ൽ നൽകിയിരിക്കുന്ന "സ്വത്ത്" എന്ന പദത്തിന്റേതാണ്.

40. നേരത്തെ സൂചിപ്പിച്ചതുപോലെ, **അമൃത്‌ലാൽ പ്രജീവ്ദാസ്**[20] കേസിൽ, നിയമത്തിലെ വകുപ്പ് 3(1)-ന കീഴിലെ ഖണ്ഡം (c)-യിൽ നൽകിയിട്ടുള്ള "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ" എന്ന പ്രയോഗത്തിന്റെ നിർവചനം വ്യാഖ്യാനിച്ചുകൊണ്ട്, ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം സമ്പാദിച്ച സ്വത്തുക്കൾ മാത്രമല്ല, ഈ നിയമം പ്രാബല്യത്തിന് വരുന്നതിന് മുൻപ്, അത് എത്ര കാലം മുൻപായാലും, സമ്പാദിച്ച സ്വത്തും ഉൾപ്പെടുന്ന തരത്തിൽ പ്രസ്തുത നിർവചനം വളരെ വിപുലമാണെന്ന് കോടതി വിധിച്ചിരുന്നു. കൂടാതെ, നിയമവിരുദ്ധമായ പ്രവർത്തനം എന്നത് ഈ നിയമത്തിലെ വകുപ്പ് 2-ൽ പരാമർശിച്ചിട്ടുള്ള നിയമങ്ങളുടെ ലംഘനത്തിൽ മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് പാർലമെന്റിന് രൂപം നൽകാൻ അധികാരമുള്ള മറ്റ് നിയമങ്ങളുടെ ലംഘനങ്ങൾക്കും ബാധകമാണെന്നും കോടതി നിരീക്ഷിച്ചിരുന്നു. അതേസമയം, വകുപ്പ് 2(2)-ലെ ഖണ്ഡങ്ങൾ (c)-യിലും (d)-യിലും

(A) ഈ നിയമം ബാധകമാകുന്ന വ്യക്തി നിലവിൽ കൈവശം വച്ചിട്ടുള്ളതും, മുൻപ് കൈവശം വച്ചിരുന്നയാൾ (മുൻ ഉടമ) അത് കൈവശം വയ്ക്കുന്നത് അവസാനിപ്പിച്ചിട്ടില്ലെങ്കിൽ, ആ മുൻ ഉടമയെ സംബന്ധിച്ചിടത്തോളം ഈ വകുപ്പ് പ്രകാരം അത് നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് ആകുമായിരുന്നതുമായ സ്വത്ത്; അത്തരം മുൻ ഉടമയ്ക്ക് ശേഷം എപ്പോഴെങ്കിലും സ്വത്ത് കൈവശം വച്ച മറ്റേതെങ്കിലും വ്യക്തിയോ, അല്ലെങ്കിൽ അത്തരം രണ്ടോ അതിൽ കൂടുതലോ മുൻ ഉടമകൾ ഉള്ള സാഹചര്യത്തിൽ, അവരിൽ അവസാനത്തെ മുൻ ഉടമയോ മതിയായ പ്രതിഫലം നൽകി നല്ല ഉദ്ദേശ്യത്തോടെ സ്വത്ത് കൈമാറ്റം ലഭിച്ച ആളാണ് എങ്കിൽ, മേൽപ്പറഞ്ഞ വ്യവസ്ഥ ബാധകമായിരിക്കില്ല.

(B) ഈ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപോ അതിന് ശേഷമോ, (A) ഇനത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും സ്വത്തിൽ നിന്നോ, അല്ലെങ്കിൽ അതിൽ നിന്നുള്ള വരുമാനം/സമ്പാദ്യത്തിൽ നിന്നോ പ്രതിഫലത്തിനായോ മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ പൂർണ്ണമായോ ഭാഗികമായോ അത്തരം വ്യക്തി നേടിയെടുത്ത ഏതൊരു സ്വത്തും

19 "സ്വത്ത്" എന്ന പ്രയോഗത്തിൽ സ്ഥാവരമോ ജംഗമമോ ആയ സ്വത്തിൻമേലുള്ള ഏതൊരു വിധത്തിലുമുള്ള താത്പര്യവും ഉൾപ്പെടും;

20 അടിക്കുറിപ്പ് 5-ൽ മേൽപരാമർശം

ഉൾപ്പെടുന്ന, കുറ്റവാളിയുടെ ബന്ധുക്കളുടെയോ കൂട്ടാളികളുടെയോ സ്വത്തുക്കൾ, അത് അവർ നിയമവിരുദ്ധമായ പ്രവർത്തനങ്ങളിലൂടെയോ പാർലമെന്റ് നിർമ്മിച്ച നിയമങ്ങൾ ലംഘിച്ചോ സമ്പാദിച്ചതാണെങ്കിൽ പോലും, 'നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല എന്നും കോടതി വ്യക്തമാക്കി. എന്തെന്നാൽ, ബന്ധുവിന്റെയോ കൂട്ടാളിയുടെയോ കൈവശമോ പേരിലോ ഉള്ള, കുറ്റവാളിയുടെ/തടവുകാരന്റെ 'നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾക്ക്' മാത്രമാണ് ഈ നിയമം ബാധകമാകുന്നത്.

41. ചോദ്യം നമ്പർ 5-ന ഉത്തരം നൽകിക്കൊണ്ട് ഭരണഘടനാ ബെഞ്ച് ഇപ്രകാരം വിധിച്ചു:

> "44. ...വകുപ്പ് 4-ഉം ഈ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. പ്രസ്തുത വകുപ്പിൽ, “ഈ നിയമം പ്രാബല്യത്തിൽ വരുന്നതുമുതൽ, ഈ നിയമം ബാധകമായ ഏതൊരു വ്യക്തിയും, നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് സ്വയമോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി വഴിയോ കൈവശം വയ്ക്കുന്നത് നിയമപരമായി അനുവദനീയമല്ല” എന്ന് പ്രഖ്യാപിക്കുന്നു. അത്തരം എല്ലാ സ്വത്തുക്കളും കണ്ടുകെട്ടാവുന്നതാണ്. ഈ വകുപ്പിലെ ഭാഷ നിയമത്തിന്റെ വ്യാപ്തിയെ സൂചിപ്പിക്കുന്നുണ്ട്. വകുപ്പ് 2(2)-ലെ ഖണ്ഡം (c)-യും (d)-യും അതിനോട് അനുബന്ധമായുള്ള വിശദീകരണങ്ങൾ (2)-ഉം (3)-ഉം നിയമത്തിന്റെ മൊത്തത്തിലുള്ള പദ്ധതിയുടെയും ലക്ഷ്യത്തിന്റെയും വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. കുറ്റവാളിയുടെ/തടവുകാരന്റെ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ, അത്തരം സ്വത്തുക്കൾ മേൽപ്പറഞ്ഞ വിശദീകരണങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ബന്ധുവിന്റെയോ കൂട്ടാളിയുടെയോ പേരിൽ കൈവശം വയ്ക്കുകയോ സൂക്ഷിക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പോലും, കണ്ടുകെട്ടുക എന്നതാണ് ആശയം. അത്തരം ബന്ധുക്കളുടെയോ കൂട്ടാളികളുടെയോ സ്വതന്ത്ര സ്വത്തുക്കൾ, അവ നിയമവിരുദ്ധമായി നേടിയെടുത്തവയാണെങ്കിൽ കൂടി, കണ്ടുകെട്ടുക എന്നതല്ല, മറിച്ച്

കുറ്റവാളിയുടെ/തടവുകാരന്റെ സ്വത്തുക്കളോ അദ്ദേഹവുമായി ബന്ധമുള്ളതാണെന്ന് കണ്ടെത്താൻ കഴിയുന്ന സ്വത്തുക്കളോ, അവ എവിടെയായാലും, അവയുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും അവഗണിച്ച് കണ്ടുകെട്ടുക എന്നതാണ്..."

നിയമത്തിലെ വകുപ്പ് 2(2)(e)-യിൽ പറയുന്ന കൈവശക്കാർക്ക് നിയമം ബാധകമാകുന്ന വിഷയത്തിൽ, ബന്ധുക്കളിൽ നിന്നും കൂട്ടാളികളിൽ നിന്നും വ്യത്യസ്തമായ ഒരു വിഭാഗത്തിലാണ് അവർ ഉൾപ്പെടുന്നതെന്നും, അവരെ പ്രത്യേകമായിട്ടാണ് കണക്കാക്കുന്നതെന്നും ഈ കോടതി വിധിച്ചു. വകുപ്പ് 2(2)-യ്ക്ക് കീഴിലെ ഖണ്ഡം (e)-യിൽ പരാമർശിച്ചിട്ടുള്ള ഒരു വ്യക്തി, താൻ നല്ല വിശ്വാസത്തിൽ പ്രതിഫലം നൽകി സ്വത്ത് സ്വീകരിച്ചയാളാണെന്ന തെളിവുകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ, അയാളുടെ സ്വത്ത് - ഒരു കുറ്റവാളിയിൽ/തടവുകാരനിൽ നിന്ന് വാങ്ങിയതാണെങ്കിൽ പോലും - കണ്ടുകെട്ടാൻ വ്യവസ്ഥയില്ല.

42. നിലവിലെ വിധിന്യായത്തിൽ, "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത്" എന്നതിന്റെ നിർവചനത്തെക്കുറിച്ച് കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ല; എന്തെന്നാൽ, ഈ കേസിൽ കോടതി പരിഗണിക്കുന്ന ഏക വിഷയം ഇതാണ്: 1976-ലെ നിയമത്തിലെ വകുപ്പ് 6 പ്രകാരമുള്ള പ്രാഥമിക അറിയിപ്പ് കുറ്റവാളിക്ക് തന്നെ നൽകേണ്ടത് നിർബന്ധമാണോ, അതോ കണ്ടുകെട്ടാൻ നിർദ്ദേശിക്കുന്ന സ്വത്തുക്കൾ കൈവശം വച്ചിരിക്കുന്ന, കുറ്റവാളിയുടെ ബന്ധുക്കൾക്ക് മാത്രം നൽകിയാൽ മതിയോ? എന്നിരുന്നാലും, നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് കൈവശം വയ്ക്കുന്നത് നിരോധിക്കുന്ന, 1976-ലെ നിയമത്തിലെ വകുപ്പ് 4[21] ഈ ഘട്ടത്തിൽ പരിശോധിക്കുന്നത് ഉപയോഗപ്രദമാകും.

---

21 **4. നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് കൈവശം വയ്ക്കുന്നത് നിരോധിക്കൽ.—**(1) ഈ നിയമം പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ, ഈ നിയമം ബാധകമായ ഏതൊരാൾക്കും സ്വയമോ , അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി മുഖേനയോ, നിയമവിരുദ്ധമായി സമ്പാദിച്ച ഏതൊരു സ്വത്തും കൈവശം വയ്ക്കാൻ നിയമപരമായി അവകാശമുണ്ടായിരിക്കുന്നതല്ല.

43. ഈ വ്യവസ്ഥയുടെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം പരിശോധിക്കുമ്പോൾ, നിയമം ബാധകമായ (1976-ലെ നിയമത്തിലെ വകുപ്പ് 2(2) പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള) ഏതൊരാൾക്കും, (1976-ലെ നിയമത്തിലെ വകുപ്പ് 3(1)(c) പ്രകാരം നിർവചിക്കപ്പെട്ട) നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് സ്വയമോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി മുഖേനയോ കൈവശം വയ്ക്കാൻ നിയമപരമായി കഴിയില്ലെന്നത് വ്യക്തമാണ്. പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ചെയ്യുന്നത് തടയുന്നതിനായി ഒരു നിയമം വഴി ശിക്ഷ (അത്തരം സ്വത്ത് കണ്ടുകെട്ടുന്നത് പോലെ) ചുമത്തുമ്പോൾ, അത്തരത്തിൽ നിരോധിക്കപ്പെട്ട പ്രവൃത്തി ചെയ്താൽ, ചുമത്തിയ പിഴ നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ പോലും, ആ പ്രവൃത്തി അസാധുവായി കണക്കാക്കും എന്നത് സുസ്ഥാപിതമാണ്. നിയമം വഴി വ്യവസ്ഥാപിതമായ ശിക്ഷ ഒരു നിരോധനത്തെ[22] സൂചിപ്പിക്കുന്നു എന്നതുകൊണ്ട് തന്നെ, അത്തരം പ്രവൃത്തികളും വീഴ്ചകളും, അസാധുവാണെന്ന് വ്യക്തമായി പ്രഖ്യാപിക്കാതെ തന്നെ, അസാധുവാകും. നിയമം ബാധകമായ വ്യക്തി നിയമവിരുദ്ധമായി സമ്പാദിച്ച ഒരു സ്വത്തും കൈവശം വയ്ക്കാൻ പാടില്ല എന്ന് വകുപ്പ് 4 വ്യക്തമായി അനുശാസിക്കുന്നുണ്ട് എന്ന് മാത്രമല്ല, അത്തരം സ്വത്ത് – അത് നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് സമ്പാദിച്ചതായാലും അതിനുശേഷം സമ്പാദിച്ചതായാലും – കണ്ടുകെട്ടുന്നതിനായി 1976-ലെ നിയമത്തിലെ വകുപ്പ് 18 പ്രകാരം ഉചിതമായ അന്വേഷണത്തിന് ശേഷം നടപടിക്രമം ആരംഭിക്കാൻ യോഗ്യതയുള്ള അധികാരിയ്ക്ക് അനുബന്ധമായ ഒരു കടമയുമുണ്ട് എന്ന് ശ്രദ്ധിക്കേണ്ടതാണ്.

---

(2) ഏതെങ്കിലും വ്യക്തി ഉപവകുപ്പ് (1)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് കൈവശം വച്ചാൽ, അത്തരം സ്വത്ത് ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കേന്ദ്ര സർക്കാരിലേക്ക് കണ്ടുകെട്ടാവുന്നതാണ്.

22 മന്നാലാൽ ഖേതൻ & മറ്റുള്ളവർ വേഴ്സസ്. കേദാർ നാഥ് ഖേതൻ & മറ്റുള്ളവർ (1977) 2 എസ്.സി.സി 424 (ഖണ്ഡികകൾ 18 മുതൽ 22 വരെ), ആശാ ജോൺ ദിവ്യനാഥൻ വേഴ്സസ് വിക്രം മൽഹോത്ര & മറ്റുള്ളവർ, 2021 എസ്.സി.സി. ഓൺലൈൻ എസ്.സി 147 എന്നീ കേസുകൾ കാണുക

44. കണ്ടുകെട്ടാൻ നിർദ്ദേശിക്കുന്ന സ്വത്തുക്കൾ — നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കളായതിനാൽ — കൈവശം വച്ചിരിക്കുന്ന വ്യക്തിക്ക് 1976-ലെ നിയമത്തിലെ വകുപ്പ് 6[23] പ്രകാരം അറിയിപ്പ് നല്കിക്കൊണ്ടാണ് യോഗ്യതയുള്ള അധികാരി മേൽപ്പറഞ്ഞ നടപടിക്രമം ആരംഭിക്കേണ്ടത്. ആ വ്യക്തി സ്വന്തമായോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി മുഖാന്തിരമോ ആയിരിക്കാം പ്രസ്തുത സ്വത്ത് കൈവശം വച്ചിരിക്കുന്നത്. ബന്ധപ്പെട്ട വ്യക്തിയാണ് സ്വത്ത് കൈവശം വച്ചിരിക്കുന്നതെങ്കിൽ, നിയമം ബാധകമായ അത്തരം വ്യക്തിക്ക് വകുപ്പ് 6(1) പ്രകാരം അറിയിപ്പ് നൽകുകയും അതിൽ, ആ സ്വത്ത് സമ്പാദിക്കാൻ ഉപയോഗിച്ച വരുമാനം, സമ്പാദ്യം, അല്ലെങ്കിൽ ആസ്തി എന്നിവയുടെ ഉറവിടങ്ങൾ, അത്

---

23 **6. കണ്ടുകെട്ടുന്നതിനുള്ള അറിയിപ്പ്**

(1) ഈ നിയമം ബാധകമായ ഏതെങ്കിലും വ്യക്തി സ്വയമോ മറ്റേതെങ്കിലും വ്യക്തി മുഖേനയോ കൈവശം വച്ചിരിക്കുന്ന സ്വത്തുക്കളുടെ മൂല്യം, അദ്ദേഹത്തിന്റെ വരുമാനം, സമ്പാദ്യം, അല്ലെങ്കിൽ ആസ്തികളുടെ അറിയപ്പെടുന്ന ഉറവിടങ്ങൾ, കൂടാതെ വകുപ്പ് 18 പ്രകാരം സ്വീകരിച്ച നടപടികളുടെ ഫലമായോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെയോ ലഭിച്ച വിവരങ്ങൾ അല്ലെങ്കിൽ രേഖകൾ എന്നിവ പരിഗണിക്കുമ്പോൾ, പ്രസ്തുത സ്വത്തുക്കളിൽ ഒന്നോ, അല്ലെങ്കിൽ മുഴുവനുമോ നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കളാണ് എന്ന് വിശ്വസിക്കാൻ (അത്തരം വിശ്വാസത്തിനുള്ള കാരണങ്ങൾ എഴുതി രേഖപ്പെടുത്തേണ്ടതാണ്) യോഗ്യതയുള്ള അധികാരിയയ്ക്ക് കാരണം ഉണ്ടെങ്കിൽ, അത്തരം വ്യക്തിക്ക് (ഇനി മുതൽ ബാധിക്കപ്പെടുന്ന വ്യക്തി എന്ന് ഉപയോഗിക്കുന്നു) ഒരു അറിയിപ്പ് നൽകാവുന്നതാണ്. പ്രസ്തുത അറിയിപ്പിൽ പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ (ഇത് സാധാരണയായി മുപ്പത് ദിവസത്തിൽ കുറയാൻ പാടില്ല), മേൽപ്പറഞ്ഞ വ്യക്തി ആ സ്വത്ത് സമ്പാദിക്കാൻ ഉപയോഗിച്ച വരുമാനം, സമ്പാദ്യം, അല്ലെങ്കിൽ ആസ്തികളുടെ ഉറവിടങ്ങൾ, അദ്ദേഹം ആശ്രയിക്കുന്ന തെളിവുകൾ, മറ്റ് പ്രസക്തമായ വിവരങ്ങളും വിശദാംശങ്ങളും എന്നിവ വിവരിക്കാനും, കൂടാതെ, പ്രസ്തുത സ്വത്തുക്കളിൽ ഒന്നോ, അല്ലെങ്കിൽ മുഴുവനുമോ, നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തായി പ്രഖ്യാപിക്കുകയും, ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിലേയ്ക്കും കണ്ടുകെട്ടുകയും ചെയ്യാതിരിക്കാനുള്ള കാരണം നൽകാനും യോഗ്യതയുള്ള അധികാരിയ്ക്ക് ആവശ്യപ്പെടാവുന്നതാണ്.

(2) ഉപവകുപ്പ് (1) ഏതെങ്കിലും വ്യക്തിയ്ക്ക് നൽകുന്ന അറിയിപ്പിൽ, അത്തരം വ്യക്തിയ്ക്ക് വേണ്ടി മറ്റേതെങ്കിലും വ്യക്തി കൈവശം വച്ചിട്ടുള്ള സ്വത്തിന്റെ പരാമർശമുണ്ടെങ്കിൽ, അറിയിപ്പിന്റെ ഒരു പകർപ്പ് അത്തരം മറ്റേതെങ്കിലും വ്യക്തിയ്ക്കും നൽകേണ്ടതാണ്.

തെളിയിക്കാനായി ആശ്രയിക്കുന്ന തെളിവുകൾ, മറ്റ് പ്രസക്തമായ വിവരങ്ങൾ, വിശദാംശങ്ങൾ എന്നിവ വെളിപ്പെടുത്താൻ ആവശ്യപ്പെടുകയും വേണം.

45. 1976-ലെ നിയമത്തിലെ വകുപ്പ് 6 വിശകലനം ചെയ്യുന്നതിനുമുമ്പ്, വകുപ്പ് 6(1)-ൽ പരാമർശിച്ചിട്ടുള്ളതും, യോഗ്യതയുള്ള അധികാരി വകുപ്പ് 6(1) പ്രകാരം അറിയിപ്പ് നൽകുന്നതിനുമുമ്പ് പാലിക്കേണ്ട മുൻകൂർ നടപടിക്രമമായി കണക്കാക്കുന്നതുമായ വകുപ്പ് 18 [24] ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും. ബന്ധപ്പെട്ട സ്വത്തുക്കൾ, അറിയിപ്പ് ലഭിക്കുന്നയാൾ സ്വന്തമായോ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി മുഖേനയോ കൈവശം വച്ചിരിക്കുന്ന, നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കളാണെന്ന് വിശ്വസിക്കാൻ മതിയായ കാരണമുള്ളപ്പോഴാണ് യോഗ്യതയുള്ള അധികാരി പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിക്കുന്നത്.

---

24 **18. ചില അധികാരങ്ങൾ വിനിയോഗിക്കാൻ ചില ഉദ്യോഗസ്ഥരോട് ആവശ്യപ്പെടാൻ യോഗ്യതയുള്ള അധികാരിയുടെ അധികാരം.** –(1) ഈ നിയമപ്രകാരമുള്ള ഏതെങ്കിലും നടപടികൾക്കായി, അല്ലെങ്കിൽ അത്തരം നടപടികൾ ആരംഭിക്കുന്നതിനായി, ഏതെങ്കിലും വ്യക്തിയെക്കുറിച്ചോ, സ്ഥലത്തെക്കുറിച്ചോ, സ്വത്തിനെക്കുറിച്ചോ, ആസ്തികളെക്കുറിച്ചോ, രേഖകളെക്കുറിച്ചോ, കണക്ക് പുസ്തകങ്ങളെക്കുറിച്ചോ, അല്ലെങ്കിൽ മറ്റേതെങ്കിലും പ്രസക്തമായ കാര്യങ്ങളെക്കുറിച്ചോ ഏതന്വേഷണവും, പരിശോധനയും, സർവേയും നടത്താൻ യോഗ്യതയുള്ള അധികാരിക്ക് അധികാരമുണ്ട്.

(2) ഉപവകുപ്പ് (1)-ൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി, അന്വേഷണം, പരിശോധന അല്ലെങ്കിൽ സർവേ എന്നിവയുടെ സ്വഭാവം പരിഗണിച്ച്, യോഗ്യതയുള്ള അധികാരിക്ക് ആദായ നികുതി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനോട് അത്തരം അന്വേഷണം, പരിശോധന അല്ലെങ്കിൽ സർവേ എന്നിവ നടത്താനോ അല്ലെങ്കിൽ നടത്തിക്കാനോ ആവശ്യപ്പെടാം.

(3) ഉപവകുപ്പ് (2) പ്രകാരം നടത്താൻ ആവശ്യപ്പെട്ട ഏതൊരു അന്വേഷണം, പരിശോധന അല്ലെങ്കിൽ സർവേ എന്നിവ നടത്തുന്ന അല്ലെങ്കിൽ നടത്തിക്കുന്ന ആദായ നികുതി വകുപ്പിലെ ഏതൊരു ഉദ്യോഗസ്ഥനും, അത്തരം അന്വേഷണം, പരിശോധന അല്ലെങ്കിൽ സർവേ എന്നിവയുടെ ആവശ്യത്തിനായി, 1961-ലെ ആദായ നികുതി നിയമം (1961-ലെ 43) അനുസരിച്ച് ഏതൊരു ആവശ്യത്തിനും തനിക്ക് വിനിയോഗിക്കാവുന്ന ഏത് അധികാരവും (ഏതെങ്കിലും അധികാരം വിനിയോഗിക്കാൻ അനുമതി നൽകാനുള്ള അധികാരം ഉൾപ്പെടെ) വിനിയോഗിക്കാവുന്നതാണ്. അതനുസരിച്ച്, പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ കഴിയുന്നത്ര ബാധകമായിരിക്കുന്നതാണ്.

46. നിലവിലെ കേസിൽ പ്രസക്തമായ മറ്റൊരു വകുപ്പായ, 1976-ലെ നിയമത്തിലെ വകുപ്പ് 8[25]-ഉം ഈ ഘട്ടത്തിൽ പരാമർശിക്കേണ്ടതുണ്ട്. പ്രസ്തുത വകുപ്പിൽ, അറിയിപ്പിൽ പരാമർശിച്ചിട്ടുള്ള സ്വത്ത്, അറിയിപ്പ് ലഭിച്ച വ്യക്തി നിയമപരമായി സമ്പാദിച്ചതാണെന്ന് തെളിയിക്കേണ്ട ബാധ്യത പ്രസ്തുത വ്യക്തിയ്ക്കാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

47. വകുപ്പ് 6-നെ ലളിതമായും സാഹചര്യോചിതമായും വ്യാഖ്യാനിക്കുമ്പോൾ, നിയമം ബാധകമായ ഏതൊരാൾക്കും വകുപ്പ് 6(1) പ്രകാരമുള്ള അറിയിപ്പ് നൽകേണ്ടത് ആവശ്യമാണെന്ന് വ്യക്തമാണ്. 1976-ലെ നിയമത്തിലെ വകുപ്പ് 2(2)-ൽ നിന്ന് വ്യക്തമാകുന്നതുപോലെ, ഈ നിയമം കുറ്റവാളികൾക്കും തടവുകാർക്കും മാത്രമല്ല, യഥാക്രമം വകുപ്പുകൾ 2(2)(c), 2(2)(d), 2(2)(e) എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പോലെ അവരുടെ ബന്ധുക്കൾക്കും ഏതെങ്കിലും സ്വത്ത് കൈവശമുള്ളവർ ഉൾപ്പെടെയുള്ള കൂട്ടാളികൾക്കും ബാധകമാണ്. ബന്ധപ്പെട്ട വ്യക്തിക്ക് (അറിയിപ്പ് സ്വീകരിക്കുന്നയാൾ) 1976-ലെ നിയമത്തിലെ വകുപ്പ് 8-ൽ പറയുന്ന പ്രകാരമുള്ള തെളിവ് ബാധ്യത നിറവേറ്റാൻ അവസരം നൽകുക എന്നതാണ് ഇത്തരത്തിൽ അറിയിപ്പ് നൽകുന്നതിന്റെ ഉദ്ദേശ്യം. അറിയിപ്പിൽ പരാമർശിച്ചിരിക്കുന്ന സ്വത്ത് താൻ നിയമപരമായി സമ്പാദിച്ചതാണെന്ന് തെളിയിക്കേണ്ടത് പിന്നെ പ്രസ്തുത വ്യക്തിയുടെ ബാധ്യതയാണ്.

48. ഒരു പ്രത്യേക സാഹചര്യത്തിൽ, ഒരു വ്യക്തിക്ക് ഒരു സ്വത്തിൽ നിയമപരമായ കൈവശാവകാശം മാത്രം ഉണ്ടായിരിക്കുകയും, പ്രസക്തമായ സമയത്ത് സ്വത്തിന്റെ ഉടമസ്ഥാവകാശം കുറ്റവാളിയുടേയോ തടവിലാക്കപ്പെട്ട വ്യക്തിയുടേയോ അല്ലെങ്കിൽ അയാളുടെ/അവരുടെ ബന്ധുവിന്റേയോ പേരിലായിരിക്കുകയും ചെയ്യുന്ന പക്ഷം, യോഗ്യതയുള്ള അധികാരി പ്രസ്തുത സ്വത്തിന്റെ കൈവശാവകാശം ഉള്ള വ്യക്തിക്ക് മാത്രമല്ല,

---

25 **8. തെളിവ് ബാധ്യത.**-ഈ നിയമപ്രകാരമുള്ള ഏതൊരു നടപടിക്രമത്തിലും, വകുപ്പ് 6 പ്രകാരം നൽകിയ അറിയിപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഏതൊരു സ്വത്തും നിയമവിരുദ്ധമായി സമ്പാദിച്ചതല്ലെന്ന് തെളിയിക്കേണ്ട ബാധ്യത ബാധിക്കപ്പെട്ട വ്യക്തിയ്ക്കായിരിക്കും.

പ്രസക്തമായ രേഖകളിൽ അതിന്റെ ഉടമസ്ഥനായി കാണിച്ചിരിക്കുന്ന വ്യക്തിക്കും അറിയിപ്പ് നൽകേണ്ടത് ആവശ്യമാണ്. അതുപോലെ, ബന്ധപ്പെട്ട രേഖകളിൽ സ്വത്തിന്റെ ഉടമസ്ഥനായി കാണിച്ചിരിക്കുന്ന വ്യക്തി കുറ്റവാളിയുടെയോ തടവിലാക്കപ്പെട്ട വ്യക്തിയുടെയോ കയ്യിൽ നിന്ന് സ്വത്ത് വാങ്ങുകയും തുടർന്നുള്ള ക്രേതാവുമായിരിക്കുന്ന സാഹചര്യത്തിലും, സ്വത്തിന്റെ നിലവിലെ ഉടമയ്ക്കും മുൻ ഉടമയ്ക്കും (കുറ്റവാളി അല്ലെങ്കിൽ തടവുകാരൻ) അറിയിപ്പ് നൽകേണ്ടതുണ്ട്. എന്നാൽ, (നിലവിലെ കേസുകളിലെന്ന പോലെ) പ്രസക്തമായ സമയത്ത് പ്രസക്തമായ രേഖകളിൽ സ്വത്തിന്റെ ഉടമസ്ഥാവകാശം കുറ്റവാളിയുടെയോ തടവിലാക്കപ്പെട്ട വ്യക്തിയുടെയോ അല്ലാതെ, കൈവശാവകാശം ഉള്ള വ്യക്തിയുടെ പേരിലാണെങ്കിൽ, കുറ്റവാളിക്കോ തടവിലാക്കപ്പെട്ട വ്യക്തിക്കോ അറിയിപ്പ് നൽകുന്നതിൽ അർത്ഥമില്ല. അത്തരം സ്വത്തിൽ ഉടമസ്ഥാവകാശങ്ങൾ ഉൾപ്പെടെയുള്ള അവകാശങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള കുറ്റവാളിയുടെയോ തടവിലാക്കപ്പെട്ട വ്യക്തിയുടെയോ അവകാശവാദം കോടതിയ്ക്ക് പരിഗണിക്കാനാകില്ല; അതിനാൽത്തന്നെ, പ്രസ്തുത സ്വത്ത് താൻ നിയമപരമായി നേടിയെടുത്തതാണോ എന്നത് 1976-ലെ നിയമത്തിലെ വകുപ്പ് 8 പ്രകാരം തെളിയിക്കാനുള്ള ബാധ്യത കുറ്റവാളിയ്ക്കോ തടവിലാക്കപ്പെട്ട വ്യക്തിയ്ക്കോ ഇല്ലെന്ന് മാത്രമല്ല, നിർദ്ദിഷ്ട കണ്ടുകെട്ടൽ നടപടി മൂലം അയാൾ ബാധിക്കപ്പെടുന്നതായി കണക്കാക്കാനുമാകില്ല.

49. പ്രസക്തമായ രേഖയിലുള്ള സ്വത്തിന്റെ ഉടമസ്ഥൻ എന്ന നിലയിലോ അല്ലെങ്കിൽ നിയമപരമായ കൈവശാവകാശം ഉള്ളതുകൊണ്ടോ ഒരു വ്യക്തിയ്ക്ക് ആ സ്വത്തിന്റെ കൈവശക്കാരനായിരിക്കാൻ അർഹതയുണ്ടെന്ന് അർത്ഥമാക്കുന്ന രീതിയിലാണ് വകുപ്പ് 6-ലെ "കൈവശം" എന്ന പദപ്രയോഗം മനസ്സിലാക്കേണ്ടത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരു വ്യക്തിയെ പ്രസ്തുത സ്വത്തിന്റെ ഉടമസ്ഥനായി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ പോലും, പ്രസ്തുത സമയത്ത് നിയമപരമായ കൈവശാവകാശം ഉണ്ടെങ്കിൽ അയാൾ ആ സ്വത്തിന്റെ കൈവശക്കാരനായിരിക്കും. രണ്ടായാലും, ഇത് 1976-ലെ നിയമത്തിലെ വകുപ്പ് 6-ൽ ഉപയോഗിക്കുന്ന "കൈവശം" എന്ന പദപ്രയോഗത്തിന്റെ പരിധിയിൽ ഉൾപ്പെടും.

50. അറിയിപ്പ് സ്വീകരിക്കുന്ന വ്യക്തി സ്വയമോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തി മുഖേനയോ സ്വത്ത് കൈവശം വച്ചിരിക്കാം എന്നതാണ് 1976-ലെ നിയമത്തിലെ വകുപ്പ് 6(1)-ന്റെ മൂന്നാമത്തെ മാനം. നേരത്തെ സൂചിപ്പിച്ചത് പോലെ, നിയമം ബാധകമായ വ്യക്തിക്കെതിരെ മാത്രമേ വകുപ്പ് 6(1) പ്രകാരമുള്ള പ്രാഥമിക അറിയിപ്പ് നൽകാൻ കഴിയൂ. ഒരു കുറ്റവാളിയുടെയോ തടവിലാക്കപ്പെട്ട വ്യക്തിയുടെയോ നിയമവിരുദ്ധമായ വരുമാന സ്രോതസ്സുകളോ സമ്പാദ്യമോ സ്വത്തോ ഉപയോഗിച്ച് പ്രസ്തുത വ്യക്തിയുടെ ഒരു ബന്ധു സ്വത്ത് സമ്പാദിച്ചിട്ടുണ്ടെങ്കിൽ, വകുപ്പ് 2(2)(c)-യും അതിനു അനുബന്ധമായുള്ള വിശദീകരണം 2-ഉം ചേർത്ത് വായിക്കുന്നത് പ്രകാരം ആ ബന്ധുവിന് നിയമം ബാധകമായിരിക്കും. പാർലമെന്റിന് നിയമം നിർമ്മിക്കാൻ അധികാരമുള്ള ഏതെങ്കിലും വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം മൂലം നിരോധിച്ചിട്ടുള്ള ഏതെങ്കിലും പ്രവൃത്തി (1976-ലെ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപോ ശേഷമോ ഏർപ്പെട്ടിട്ടുള്ളത്) വഴി കുറ്റവാളിയോ തടവിലാക്കപ്പെട്ട വ്യക്തിയോ നേടിയെടുത്ത ഏതെങ്കിലും വരുമാനം, സമ്പാദ്യം അല്ലെങ്കിൽ ആസ്തികൾ ഉപയോഗിച്ച് പൂർണ്ണമായോ ഭാഗികമായോ ആർജിച്ച സ്വത്തിന്റെ രേഖപ്പെടുത്തിയ ഉടമയായിരിക്കാം പ്രസ്തുത വ്യക്തി.

51. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വകുപ്പ് 3(1)(c)-ൽ നൽകിയിരിക്കുന്ന "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത്" എന്നതിന്റെ നിർവചനവും, വകുപ്പ് 2(2) പ്രകാരം നിയമം ബാധകമായിട്ടുള്ള "വ്യക്തി" എന്ന നിർവചനവും അനുസരിച്ച്, നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപോ ശേഷമോ, കുറ്റവാളിയുടെയോ തടവിലാക്കപ്പെട്ട വ്യക്തിയുടെയോ ബന്ധുവിന്റെ പേരിലാണ് സ്വത്ത് കൈവശം വച്ചിരിക്കുന്നതെങ്കിൽ, (രേഖകളിൽ ഉടമസ്ഥാവകാശവും കൈവശാവകാശവുമുള്ള) പ്രസ്തുത വ്യക്തിക്കാണ് വകുപ്പ് 6(1) പ്രകാരമുള്ള അറിയിപ്പ് നൽകേണ്ടത്; പ്രസ്തുത സ്വത്തിനെതിരെയുള്ള നടപടികൾ തുടരുന്നതിൽ നിന്ന് യോഗ്യതയുള്ള അധികാരിയെ പിന്തിരിപ്പിക്കാനായി 1976-ലെ നിയമത്തിലെ വകുപ്പ് 8 അനുസരിച്ച് തെളിവ് ബാധ്യത നിർവഹിക്കേണ്ടതും അതിന് കഴിയുന്നതും മേൽപ്പറഞ്ഞ വ്യക്തിയ്ക്ക് മാത്രമായിരിക്കും. നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത്

ബന്ധുവിന്റെ പേരിലാണെങ്കിലും, വാസ്തവത്തിൽ അതിന്റെ കൈവശം വകുപ്പ് 2(2) ൽ നൽകിയിട്ടുള്ള "വ്യക്തി" എന്ന നിർവചനത്തിൽ ഉൾപ്പെടാത്ത മറ്റൊരു വ്യക്തിയ്ക്കാണെങ്കിൽ, വകുപ്പ് 6 പ്രകാരമുള്ള പ്രാഥമിക അറിയിപ്പ് കുറ്റവാളിയുടെയോ തടവിലാക്കപ്പെട്ട വ്യക്തിയുടെയോ ബന്ധുവിനും അതിന്റെ പകർപ്പ്, (കുറ്റവാളിയുടെയോ തടവിലാക്കപ്പെട്ട വ്യക്തിയുടെയോ ബന്ധുവിന് വേണ്ടി) വാസ്തവത്തിൽ സ്വത്ത് കൈവശം വച്ചിരിക്കുന്ന "അത്തരം മറ്റൊരു വ്യക്തിക്കും" നൽകണം. ഈ സാഹചര്യത്തിൽ പോലും, കുറ്റവാളിക്കോ തടവുകാരനോ അറിയിപ്പ് നൽകേണ്ട ആവശ്യമില്ലെന്ന് മാത്രമല്ല, അത് ഒട്ടും തന്നെ നിർബന്ധവുമല്ല. എന്തെന്നാൽ, നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് സ്വന്തമായോ മറ്റൊരാൾ മുഖേനയോ കൈവശം വച്ചിട്ടുള്ള, കുറ്റവാളിയുടെയോ തടവുകാരന്റെയോ ബന്ധുവിന് പോലും 1976-ലെ നിയമം ബാധകമാണ്.

52. കക്ഷികൾക്ക് വേണ്ടി ഹാജരായ ബഹുമാന്യരായ അഭിഭാഷകർ 1976-ലെ നിയമത്തിലെ വകുപ്പ് 6(2)-ന്റെ ഉദ്ദേശ്യം ഞങ്ങൾക്ക് മുൻപാകെ വ്യാഖ്യാനിക്കുകയുണ്ടായി. പ്രസ്തുത വകുപ്പിൽ ഉൾപ്പെടുന്ന പ്രയോഗങ്ങൾക്ക് ഇരുപക്ഷവും വ്യത്യസ്തമായ വ്യാഖ്യാനങ്ങളാണ് നൽകിയത്. വകുപ്പ് 6(2)-ൽ "അത്തരം മറ്റൊരു വ്യക്തിക്ക്" അറിയിപ്പ് നൽകേണ്ട ആവശ്യകതയെക്കുറിച്ച് മാത്രമാണ് പരാമർശിക്കുന്നത്.

53. "അത്തരം വ്യക്തി" എന്ന പദം വകുപ്പ് 6(1)-ൽ മാത്രമല്ല, നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തിന്റെ നിർവചനം നൽകുന്ന വ്യവസ്ഥയായ വകുപ്പ് 3(1)(c) ഉൾപ്പെടെ, നിയമത്തിലെ മറ്റ് വ്യവസ്ഥകളിലും കാണാവുന്നതാണ്. വകുപ്പ് 6(2)-ൽ ഉൾപ്പെടുത്തിയിട്ടുള്ള "അത്തരം വ്യക്തി", "അത്തരത്തിലുള്ള മറ്റൊരു വ്യക്തി" എന്നീ പദങ്ങൾ, ബന്ധപ്പെട്ട വ്യവസ്ഥയിൽ ഉപയോഗിച്ചിരിക്കുന്ന സാഹചര്യത്തിലും പശ്ചാത്തലത്തിലുമാണ് വ്യാഖ്യാനിക്കേണ്ടത്. അതനുസരിച്ച്, മേൽപ്പറഞ്ഞ പദങ്ങൾക്ക് അവയുടെ വിവിധ മാനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഏകീകൃതമായ വ്യാഖ്യാനം അനിവാര്യമാണ്.

54. വകുപ്പ് 6(2)-ന്റെ ആദ്യ ഭാഗത്ത് ഉപയോഗിച്ചിരിക്കുന്ന പദം "ഏതൊരു വ്യക്തിയും" എന്നാണ്. ഇത് വകുപ്പ് 6(1) പ്രകാരമുള്ള പ്രാഥമിക അറിയിപ്പ് ലഭിക്കേണ്ട വ്യക്തിയെ സൂചിപ്പിക്കുന്നു. ഈ വ്യക്തി 1976-ലെ നിയമത്തിലെ വകുപ്പ് 2(2)-ൽ പരാമർശിച്ചിട്ടുള്ള വ്യക്തി തന്നെയാണ്. അയാൾ ഒരു കുറ്റവാളിയോ തടവുകാരനോ അല്ലെങ്കിൽ പ്രസ്തുത സമയത്ത് പ്രസ്തുത സ്വത്ത് കൈവശം വച്ചിരിക്കുന്ന വ്യക്തി ഉൾപ്പെടെ, കുറ്റവാളിയുടെയോ തടവുകാരന്റെയോ ബന്ധുവോ കൂട്ടാളിയോ ആകാം. വകുപ്പ് 6(2)-ൽ തുടർന്ന് അറിയിപ്പിനു വിഷയമായ സ്വത്തിനെയും, പ്രസ്തുത സ്വത്ത് ബന്ധപ്പെട്ട വ്യക്തി (അത്തരം വ്യക്തി) കൈവശം വച്ചിരിക്കുന്നതിനെയും സൂചിപ്പിക്കുന്നു - അത് നിയമം ബാധകമായിട്ടുള്ള, പ്രാഥമിക അറിയിപ്പ് ലഭിക്കുന്ന വ്യക്തി നേരിട്ടോ അല്ലെങ്കിൽ അയാളുടെ പേരിൽ "മറ്റേതെങ്കിലും വ്യക്തി" മുഖേനയോ ആകാം. ഈ "മറ്റേതെങ്കിലും വ്യക്തി"യെ ആ ഉപവകുപ്പിന്റെ [വകുപ്പ് 6(2)] അവസാന ഭാഗത്ത് "അത്തരം മറ്റൊരു വ്യക്തി" എന്ന് വിശേഷിപ്പിക്കുന്നുണ്ട്. "അത്തരം മറ്റൊരു വ്യക്തി" എന്നത് നേരത്തെ സൂചിപ്പിച്ച "മറ്റേതെങ്കിലും വ്യക്തി" എന്ന പദത്തിന്റെ പരിധിയിൽ വരുന്നതും, പ്രാഥമിക അറിയിപ്പ് ലഭിക്കേണ്ട വ്യക്തിക്ക് വേണ്ടി പ്രസ്തുത സ്വത്ത് കൈവശം വച്ചിരിക്കുന്നയാളുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "അത്തരം മറ്റൊരു വ്യക്തി" എന്നത് നിയമം ബാധകമായ വ്യക്തി അല്ലാത്ത ഒരാളും നിയമം ബാധകമായ വ്യക്തിക്ക് വേണ്ടി നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് കൈവശം വച്ചിരിക്കുന്ന ഒരാളുമായിരിക്കണം. അതായത്, അയാൾ 1976-ലെ നിയമത്തിലെ വകുപ്പ് 2(2)-ൽ പരാമർശിച്ചിട്ടുള്ള വ്യക്തികളിൽ ഉൾപ്പെടാത്ത ഒരാളാകാം. നിയമം ബാധകമായ വ്യക്തി സൃഷ്ടിച്ച മറ നീക്കിക്കൊണ്ട്, കുറ്റവാളിയോ തടവുകാരനോ "നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത്" തിരികെപ്പിടിക്കാനായി "അത്തരം മറ്റൊരു വ്യക്തി"യെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക എന്നതാണ് ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിന്റെ ലക്ഷ്യം. നിയമവിരുദ്ധമായി സമ്പാദിച്ച വസ്തുക്കൾ-അത് ആരുടെ ഉടമസ്ഥതയിലോ കൈവശമോ ആയാലും അത്തരത്തിൽ കൈമാറി എത്ര കാലയളവിന് ശേഷമായാലും തിരികെപ്പിടിക്കുക എന്നുകൂടി നിയമനിർമ്മാണം ലക്ഷ്യമിടുന്നുണ്ടെന്ന് ഭരണഘടനാ ബെഞ്ച് പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ പ്രസക്തമാണ്. വകുപ്പ് 2(2) പ്രകാരം നിയമം ബാധകമായ വ്യക്തികൾ, തങ്ങളുടെ

നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ കണ്ടുകെട്ടുന്നതിൽ നിന്ന് സംരക്ഷിക്കാൻ നിയമസംവിധാനങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഇത് ഉറപ്പാക്കുന്നു.

55. വകുപ്പ് 6(2)-ൽ ഉപയോഗിച്ചിരിക്കുന്ന "അത്തരം വ്യക്തി" എന്ന പദം, നിയമം ബാധകമായ, പ്രാഥമിക അറിയിപ്പ് ലഭിക്കുന്ന വ്യക്തിയെയാണ് സൂചിപ്പിക്കുന്നത്. അതേസമയം, അറിയിപ്പിൽ പരാമർശിച്ചിരിക്കുന്ന സ്വത്തുക്കൾ മേൽപ്പറഞ്ഞ വ്യക്തിയ്ക്ക് വേണ്ടി മറ്റേതെങ്കിലും വ്യക്തി കൈവശം വച്ചിരിക്കുകയാണെന്ന് അറിയിപ്പിൽ പരാമർശമുണ്ടെങ്കിൽ, അത് അർത്ഥമാക്കുന്നത് നിയമവിരുദ്ധമായി നേടിയ സ്വത്ത് നിയമം ബാധകമായ വ്യക്തിയല്ലാത്ത മറ്റൊരാൾ ഭൗതികമായി കൈവശം വച്ചിട്ടുണ്ടെന്നാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ, വകുപ്പ് 2(2)-ന്റെ നിർവചനത്തിൽ ഉൾപ്പെടാത്ത, "അത്തരം മറ്റൊരു വ്യക്തി"ക്ക് പോലും അറിയിപ്പ് നല്കാൻ ഉപവകുപ്പ് (2) യോഗ്യതയുള്ള അധികാരിയെ അനുവദിക്കുന്നു. സ്വത്തിന്റെ ഉടമസ്ഥനല്ലാത്ത, വെറും കൈവശക്കാരൻ മാത്രമാണ് ആ വ്യക്തിയെങ്കിൽ, ആ സ്വത്ത് പ്രാഥമിക അറിയിപ്പ് ലഭിച്ചയാളുടെ അനധികൃത സ്വത്തല്ലെന്ന് തെളിയിക്കാൻ അയാൾക്ക് കഴിഞ്ഞേക്കില്ല. അതേസമയം, കുറ്റവാളിയോ തടവുകാരനോ അനധികൃതമായി സമ്പാദിച്ച സ്വത്തിന്റെ മുൻ ഉടമയായ ബന്ധു മുഖാന്തിരം “അത്തരം മറ്റൊരു വ്യക്തി” പ്രസ്തുത സ്വത്തിന്മേൽ ഉടമസ്ഥാവകാശം ഉന്നയിക്കുകയാണെങ്കിൽ, വകുപ്പ് 6(2) പ്രകാരം അറിയിപ്പ് ലഭിക്കുമ്പോൾ, ആ സ്വത്ത് താൻ തക്കതായ പ്രതിഫലം നൽകി നല്ല വിശ്വാസത്തിൽ വാങ്ങിയതാണെന്ന് യോഗ്യതയുള്ള അധികാരിയെ ബോധ്യപ്പെടുത്താൻ അയാൾക്ക് കഴിയും. അങ്ങനെയൊരു അപേക്ഷ, യോഗ്യതയുള്ള അധികാരിയ്ക്ക് അതിന്റെ ഗുണദോഷങ്ങൾക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

56. ഈ നിയമത്തിന്റെ വകുപ്പ് 4-ലെ ഉപ-വകുപ്പ് (1)-ലുള്ള, "ഈ നിയമം ബാധകമായ ഏതൊരു വ്യക്തിയും നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് സ്വയമോ മറ്റേതെങ്കിലും വ്യക്തി മുഖാന്തിരമോ കൈവശം വയ്ക്കുന്നത്" എന്ന പദപ്രയോഗം നിയമത്തിലെ വകുപ്പ് 6-ൽ

ഉൾപ്പെടുത്തിയിട്ടുള്ള പദങ്ങൾ/പദപ്രയോഗങ്ങൾ എന്നിവയ്ക്ക് സമാനമായിരിക്കുകയും മേൽപ്പറഞ്ഞ നിർവചനത്തിന് ബലം പകരുകയും ചെയ്യുന്നു.

57. കുറ്റവാളിയോ തടവുകാരനോ നൽകിയ പണമോ ആസ്തികളോ ഉപയോഗിച്ചാണ് സ്വത്ത് സമ്പാദിച്ചതെന്ന് "വിശ്വസിക്കാനുള്ള ന്യായമായ കാരണങ്ങൾ" രേഖപ്പെടുത്താൻ മതിയായ തെളിവുകളോ രേഖകളോ യോഗ്യതയുള്ള അധികാരിയ്ക്ക് ലഭ്യല്ലെങ്കിൽ, അത്തരം സ്വത്തുക്കളുമായി ബന്ധപ്പെട്ട് വകുപ്പ് 6(1) പ്രകാരം അറിയിപ്പ് പുറപ്പെടുവിക്കാൻ സാധിക്കില്ല. പല നിയമങ്ങളിലും ഉപയോഗിച്ചിട്ടുള്ളതും ഈ കോടതി വ്യാഖ്യാനിച്ചതുമായ "വിശ്വസിക്കാനുള്ള ന്യായമായ കാരണങ്ങൾ" എന്ന പ്രയോഗം അർത്ഥമാക്കുന്നത് വെറും ഊഹത്തിന്റെയോ ഭാവനയുടെയോ അടിസ്ഥാനത്തിലുള്ള "തീർത്തും വ്യക്തിനിഷ്ഠമായ ബോധ്യപ്പെടൽ" അല്ല, മറിച്ച് "സത്യസന്ധവും ന്യായവുമായ കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ളതായ"[26] ഒരു വിശ്വാസമാണ്. ഈ സംതൃപ്തി വസ്തുനിഷ്ഠമായ രേഖകളെ ആസ്പദമാക്കിയുള്ളതായിരിക്കണം, അല്ലാതെ വെറും തോന്നലുകളുടെയോ സൂചനകളുടെയോ ബലത്തിലാകരുത്.[27] വെറും സംശയത്തിന്റെയും കപടതയുടെയും അടിസ്ഥാനത്തിലുള്ള അനാവശ്യവും ദുരുദ്ദേശ്യപരവുമായ അന്വേഷണങ്ങൾ തടയുന്നതിനാണ് ഈ വ്യവസ്ഥ മനഃപൂർവ്വം നിയമത്തിൽ ഉൾപ്പെടുത്തിയത്.[28] "വിശ്വസിക്കാനുള്ള ന്യായമായ കാരണങ്ങൾ" സാധുവാകണമെങ്കിൽ, അവ പ്രസ്തുത വിശ്വാസം രൂപപ്പെടുന്നതുമായി യുക്തിപരമായ ബന്ധമോ പ്രസക്തമായ സ്വാധീനമോ ഉള്ള വസ്തുതകളെ സൂചിപ്പിക്കുന്നതും വകുപ്പ് 6

26 ടാറ്റ കെമിക്കൽസ് ലിമിറ്റഡ് വേഴ്സസ് കമ്മീഷണർ ഓഫ് കസ്റ്റംസ് (പ്രിവന്റീവ്), ജാംനഗർ, (2015) 11 എസ്.സി.സി 628

27 കേവൽ കൃഷൻ വേഴ്സസ് സ്റ്റേറ്റ് ഓഫ് പഞ്ചാബ്, എ.ഐ.ആർ 1967 എസ്.സി 737

28 ബാർ കൗൺസിൽ ഓഫ് മഹാരാഷ്ട്ര വേഴ്സസ് എം. വി. ദാബോൽക്കർ & മറ്റുള്ളവർ (1976) 2 എസ്.സി.സി 291

പ്രകാരമുള്ള അന്വേഷണം ആരംഭിക്കുന്നതിന്[29] അപ്രസക്തമോ ബാഹ്യമോ ആയ കാര്യങ്ങൾ ഉൾപ്പെടുത്താത്തതും ആയിരിക്കണം.

58. വിശ്വസിക്കാൻ ന്യായമായ കാരണങ്ങൾ രേഖപ്പെടുത്തുന്നതും മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെടുന്നതും ഒരു പ്രധാന മുന്നുപാധിയാണ്. ഒഴിവാക്കാനാവാത്ത ഈ ആവശ്യകത (sine qua non) ലംഘിക്കപ്പെട്ടാൽ നിയമപരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. നടപടിക്രമവുമായി ബന്ധപ്പെട്ട ആവശ്യകത എന്നതിനപ്പുറം ഇത് ഒരു നിയമപരമായ ആവശ്യകതയാണ്; അതുകൊണ്ടുതന്നെ ഇത് പാലിക്കപ്പെട്ടില്ലെങ്കിൽ നടപടിക്രമങ്ങളെ ബാധിക്കും. അറിയിപ്പ് പുറപ്പെടുവിക്കുന്നതും അതിന് മുന്നോടിയായ മുന്നുപാധി, അതായത് "വിശ്വസിക്കാൻ ന്യായമായ കാരണങ്ങൾ" ബോധ്യപ്പെടുന്നതും സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കേണ്ടത് ഐച്ഛികമോ നിർദ്ദേശകമോ അല്ല, മറിച്ച് നിർബന്ധമായതിനാൽ, അത്തരം കേസുകളിൽ ദോഷമൊന്നും സംഭവിച്ചിട്ടില്ല എന്ന വാദം ഉന്നയിക്കാനാകില്ല.

59. ജി.പി. സിംഗ് തന്റെ '*പ്രിൻസിപ്പിൾസ് ഓഫ് സ്റ്റാറ്റ്യൂട്ടറി ഇന്റർപ്രെട്ടേഷൻ*' എന്ന ഗ്രന്ഥത്തിൽ (14-ആം പതിപ്പ്, പേജ് 430), നിയമ വ്യവസ്ഥകളുടെ നിർബന്ധിത സ്വഭാവമോ നിർദ്ദേശക സ്വഭാവമോ നിർണ്ണയിക്കുന്നതിനുള്ള തത്വങ്ങളും നിയമങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. നിയമനിർമ്മാണ സഭയുടെ ഉദ്യേശം പരിഗണിച്ചാണ് മേൽപ്പറഞ്ഞ നിർണ്ണയം നടത്തേണ്ടതെന്നും ആ ഉദ്ദേശ്യം പ്രകടിപ്പിച്ച ഭാഷ അവിടെ അത്രമേൽ പ്രസക്തമല്ലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. നിയമത്തിന്റെ സ്വഭാവവും രൂപകൽപ്പനയും, അതിനെ ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ വ്യാഖ്യാനിക്കുമ്പോൾ ഉണ്ടാകുന്ന ഫലങ്ങൾ, അതുമൂലം ഉണ്ടാകുന്ന ഗുരുതരമോ നിസ്സാരമോ ആയ പ്രത്യാഘാതങ്ങൾ തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്. ചില സമയങ്ങളിൽ, ഒരു നിയമത്തിൽ അത്

29 എസ്. നാരായണപ്പ & മറ്റുള്ളവർ വേഴ്സസ് കമ്മീഷണർ ഓഫ് ഇൻകം-ടാക്സ്, ബാംഗ്ലൂർ, എ.ഐ.ആർ 1967 എസ്.സി 523

പാലിക്കപ്പെടാതിരിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ടോ എന്നും, അത്തരത്തിൽ പാലിക്കപ്പെടാതിരിക്കുന്നത് എന്തെങ്കിലും പിഴയോടുകൂടി ശിക്ഷിക്കപ്പെടുന്നുണ്ടോ എന്നും കോടതികൾ പരിശോധിക്കാറുണ്ട്. എന്നാൽ, ഒരു വ്യവസ്ഥയുടെ സ്വഭാവം നിർബന്ധിതമാണോ അതോ നിർദ്ദേശകമാണോ എന്ന് നിർണ്ണയിക്കുന്നതിനുള്ള ആവശ്യമായതോ മതിയായതോ ആയ അടിസ്ഥാനമല്ല ഇത്. അവസാനമായി, ഒരു വ്യവസ്ഥ നിർബന്ധിതമാണെങ്കിൽ, അത് അനുസരിക്കുകയും പിന്തുടരുകയും ചെയ്യണം. അധികാരപരിധി സംബന്ധിച്ച ആവശ്യകതകളുടെ, അതായത്, ഏതെങ്കിലും നടപടി സ്വീകരിക്കുന്നതിന് മുമ്പ് നിറവേറ്റേണ്ട മുൻവ്യവസ്ഥകളുടെ കാര്യത്തിൽ ഇത് പ്രത്യേകിച്ചും പ്രധാനമാണ്.

60. നിലവിൽ പരിഗണിക്കുന്ന നിയമം അനുസരിച്ച്, വകുപ്പ് 6 പ്രകാരം അറിയിപ്പ് പുറപ്പെടുവിക്കുന്നതിന്റെ അനന്തരഫലമായി യഥാക്രമം നിയമത്തിലെ വകുപ്പ് 7, വകുപ്പ് 9 എന്നിവ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള സ്വത്ത് കണ്ടുകെട്ടലോ അല്ലെങ്കിൽ കണ്ടുകെട്ടലിന് പകരമുള്ള പിഴയോ ഉണ്ടാകുമെന്നത് പ്രത്യേകം പറയേണ്ട ആവശ്യമില്ല. വകുപ്പ് 11 ഞങ്ങൾ ഇവിടെ ഉദ്ധരിച്ചിട്ടില്ല; എന്നാൽ, വകുപ്പ് 6 പ്രകാരമുള്ള അറിയിപ്പിൽ പരാമർശിച്ചിട്ടുള്ള സ്വത്തിന്റെ കൈമാറ്റം അസാധുവാണെന്ന് പ്രസ്തുത വകുപ്പിൽ അനുശാസിച്ചിട്ടുണ്ട്. അതിനാൽ, വകുപ്പ് 6 അല്ലെങ്കിൽ വകുപ്പ് 10 (ചില ട്രസ്റ്റ് സ്വത്തുക്കളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് ബാധകമായ വ്യവസ്ഥ) പ്രകാരം അറിയിപ്പ് പുറപ്പെടുവിച്ചതിന് ശേഷമുള്ള ഇടപാടുകൾ അസാധുവും അവഗണിക്കേണ്ടതുമാണ്.

61. നിയമത്തിലെ വകുപ്പ് 6 പ്രകാരമുള്ള അറിയിപ്പ് നൽകി ഒരു സ്വത്ത് സംബന്ധിച്ച നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞാൽ, പ്രസ്തുത സ്വത്ത് നിയമവിരുദ്ധമായി സമ്പാദിച്ചതല്ലെന്ന് തെളിയിക്കാനുള്ള ബാധ്യത നിയമത്താൽ ബാധിക്കപ്പെടുന്ന വ്യക്തിയ്ക്കായിരിക്കുമെന്ന് നിയമത്തിലെ വകുപ്പ് 8[30] വ്യവസ്ഥ ചെയ്യുന്നു. അതായത്, പ്രസ്തുത

30 **8. തെളിവ് ബാധ്യത.**-ഈ നിയമപ്രകാരമുള്ള ഏതൊരു നടപടിക്രമത്തിലും, വകുപ്പ് 6 പ്രകാരം നൽകിയ അറിയിപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഏതൊരു സ്വത്തും നിയമവിരുദ്ധമായി

നിയമത്തിലെ വ്യവസ്ഥകൾ തെളിവ് ബാധ്യത മറുകക്ഷിയിൽ നിക്ഷിപ്തമാക്കുന്നുണ്ടെങ്കിലും വകുപ്പ് 6 പ്രകാരം സാധുവായ അറിയിപ്പ് പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ അത് സാധ്യമാകുകയുള്ളൂ. കൂടാതെ, യുക്തിസഹവും വകുപ്പ് 2(2)-ൽ വിശദീകരിച്ചിട്ടുള്ളതും ***അമൃത്ലാൽ പ്രജീവൻദാസ***[31] കേസിൽ ഈ കോടതി നിർദ്ദേശിച്ചിട്ടുള്ളതുമായ നിബന്ധനകൾ പാലിക്കുന്നുവെന്ന് കാണിക്കുന്ന ചില തെളിവുകളുടെ അടിസ്ഥാനത്തിലുള്ളതുമായ കാരണങ്ങൾ ആധാരമാക്കി മാത്രമേ യോഗ്യതയുള്ള അധികാരി മേൽപ്പറഞ്ഞ നടപടിക്രമങ്ങളിലേയ്ക്ക് കടക്കാവൂ എന്നും വകുപ്പ് 6 നിഷ്കർഷിക്കുന്നുണ്ട്. പ്രാരംഭ ഘട്ടത്തിൽ, അതായത് വകുപ്പ് 6 പ്രകാരം അറിയിപ്പ് പുറപ്പെടുവിക്കണമോ വേണ്ടയോ എന്ന് യോഗ്യതയുള്ള അധികാരി തീരുമാനിക്കുന്ന ഘട്ടത്തിൽ വകുപ്പ് 8-ലെ വ്യവസ്ഥകൾ ബാധകമാകുകയില്ല. അതുകൊണ്ടുതന്നെ, വകുപ്പ് 8-നെ മാത്രം ആശ്രയിച്ച്, കാരണങ്ങൾ രേഖപ്പെടുത്തേണ്ടതിന്റെ ബാധ്യതയിൽ നിന്ന് ഒഴിയാനും, യാന്ത്രികമായി വകുപ്പ് 6 പ്രകാരം അറിയിപ്പ് പുറപ്പെടുവിക്കാനും യോഗ്യതയുള്ള അധികാരിയ്ക്ക് കഴിയില്ല. കാരണം, യോഗ്യതയുള്ള അധികാരി അറിയിപ്പ് പുറപ്പെടുവിക്കാനുള്ള കാരണങ്ങൾ രൂപപ്പെടുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന ഘട്ടത്തിൽ വകുപ്പ് 8 ബാധകമാകില്ല.

62. "*ചില കേസുകളിൽ സ്വത്തുക്കൾ കണ്ടുകെട്ടൽ*" എന്ന തലക്കെട്ടിലുള്ള, നിയമത്തിലെ വകുപ്പ് 7[32] മേൽപ്പറഞ്ഞ വ്യാഖ്യാനത്തെ പിന്തുണയ്ക്കുന്നു. എന്തെന്നാൽ, യോഗ്യതയുള്ള അധികാരി, വകുപ്പ് 6 പ്രകാരം നൽകിയ കാരണം കാണിക്കൽ

സമ്പാദിച്ചതല്ലെന്ന് തെളിയിക്കേണ്ട ബാധ്യത ബാധിക്കപ്പെട്ട വ്യക്തിയ്ക്കായിരിക്കും.

31 അടിക്കുറിപ്പ് 5-ൽ മേൽപരാമർശം

32 **7. ചില കേസുകളിൽ സ്വത്തുക്കൾ കണ്ടുകെട്ടൽ.** (1) യോഗ്യതയുള്ള അധികാരിയ്ക്ക്, വകുപ്പ് 6 പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ലഭിച്ച വിശദീകരണങ്ങൾ (ഉണ്ടെങ്കിൽ), തനിക്ക് ലഭ്യമായ മറ്റു വിവരങ്ങൾ എന്നിവ പരിശോധിക്കുകയും ബന്ധപ്പെട്ട വ്യക്തിക്ക് (അതുപോലെ, ബാധിക്കപ്പെട്ട വ്യക്തി മറ്റൊരാളിലൂടെയാണ് അറിയിപ്പിൽ പരാമർശിച്ചിരിക്കുന്ന സ്വത്ത് കൈവശം വച്ചിരിക്കുന്നതെങ്കിൽ ആ വ്യക്തിക്കും) വാദം ഉന്നയിക്കാനുള്ള ന്യായമായ അവസരം നൽകുകയും ചെയ്തതിന് ശേഷം, പ്രസ്തുത സ്വത്തുക്കളെല്ലാം അല്ലെങ്കിൽ അവയിലേതെങ്കിലും നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കളാണോ എന്ന് ഒരു ഉത്തരവിലൂടെ രേഖപ്പെടുത്താവുന്നതാണ്.

അറിയിപ്പിനുള്ള വിശദീകരണവും തന്റെ മുന്നിലുള്ള തെളിവുകളും പരിഗണിക്കേണ്ടതുണ്ടെന്ന് പ്രസ്തുത വകുപ്പിൽ വിഭാവനം ചെയ്യുന്നുണ്ട്. നിയമത്താൽ ബാധിക്കപ്പെടുന്ന വ്യക്തിക്ക് അറിയിപ്പ് നൽകിയതിന് ശേഷം, അറിയിപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സ്വത്ത് പ്രസ്തുത വ്യക്തി മറ്റേതെങ്കിലും വ്യക്തി മുഖാന്തിരമാണ് കൈവശം വച്ചിരിക്കുന്നതെങ്കിൽ, ആ വ്യക്തിക്കും, തന്റെ ഭാഗം വിശദീകരിക്കാനുള്ള ന്യായമായ അവസരം നൽകേണ്ടതുണ്ട്. അതിനുശേഷം, പട്ടികപ്പെടുത്തിയ സ്വത്തുക്കൾ നിയമവിരുദ്ധമായി സമ്പാദിച്ചവയാണോ അല്ലയോ എന്ന് കണ്ടെത്തലുകൾ രേഖപ്പെടുത്തിക്കൊണ്ട്, യോഗ്യതയുള്ള അധികാരിയ്ക്ക് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

63. കുറ്റവാളി അല്ലെങ്കിൽ തടവുകാരനും വകുപ്പ് 2(2)-ലെ (c), (d), (e) എന്നീ ഉപവകുപ്പുകളിൽ ഉൾപ്പെടുന്ന വ്യക്തി പ്രത്യക്ഷത്തിൽ കൈവശം വച്ചിരിക്കുന്ന സ്വത്തും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ബന്ധം പരാമർശിക്കേണ്ടതുണ്ടെന്ന് വകുപ്പ് 6(1)-ന്റെ വ്യാഖ്യാനം സൂചിപ്പിക്കുന്നില്ല എന്നാണ് ***കേസർ ദേവി***[33] കേസിൽ ഈ കോടതി വിധിച്ചത്.

---

(2) കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ചില സ്വത്തുക്കൾ നിയമവിരുദ്ധമായി സമ്പാദിച്ചതാണെന്ന് യോഗ്യതയുള്ള അധികാരിക്ക് ബോധ്യമാവുകയും, എന്നാൽ ആ സ്വത്തുക്കൾ ഏതൊക്കെയാണെന്ന് കൃത്യമായി തിരിച്ചറിയാൻ സാധിക്കാതെ വരികയും ചെയ്താൽ, നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്തുക്കൾ ഏതൊക്കെയാണെന്ന് തന്റെ വിവേചനാധികാരം ഉപയോഗിച്ച് നിർണയിച്ച്, ഉപവകുപ്പ് (1) പ്രകാരം യഥാവിധിയുള്ള ഒരു കണ്ടെത്തൽ രേഖപ്പെടുത്താൻ യോഗ്യതയുള്ള അധികാരിക്ക് നിയമപരമായി സാധിക്കുന്നതാണ്.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും സ്വത്ത് നിയമവിരുദ്ധമായി സമ്പാദിച്ചതാണെന്ന് യോഗ്യതയുള്ള അധികാരി കണ്ടെത്തിയാൽ, അത്തരം സ്വത്തുക്കൾ ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, എല്ലാ ബാധ്യതകളിൽ നിന്നും മുക്തമായി കേന്ദ്ര സർക്കാരിലേക്ക് കണ്ടുകെട്ടപ്പെടുമെന്ന് പ്രസ്തുത അധികാരിയ്ക്ക് പ്രഖ്യാപിക്കും.

(4) ഈ നിയമപ്രകാരം ഒരു കമ്പനിയിലെ ഏതെങ്കിലും ഓഹരികൾ കേന്ദ്ര സർക്കാരിലേക്ക് കണ്ടുകെട്ടപ്പെട്ടാൽ, 1956-ലെ കമ്പനി നിയമത്തിലോ (1956-ലെ 1) അല്ലെങ്കിൽ ആ കമ്പനിയുടെ നിയമാവലിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ കമ്പനി അത്തരം ഓഹരികളുടെ കൈമാറ്റക്കാരനായി കേന്ദ്ര സർക്കാരിനെ ഉടനടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

33 അടിക്കുറിപ്പ് 6-ൽ മേൽപരാമർശം

ക്കുടാതെ, തെളിവ് ബാധ്യത മറുകക്ഷിയിൽ നിക്ഷിപ്തമാക്കുന്ന വകുപ്പ് 8-ഉം കോടതി പരാമർശിച്ചിരുന്നു. എന്നാൽ, ആധികാരികവും മുൻപ്രമാണവിധിയെന്ന നിലയിൽ ബാധകമായിട്ടുള്ളതുമായ, ***അമൃത്‌ലാൽ പ്രജീവന്ദാസ്***[34] കേസിലെ ഭരണഘടനാ ബെഞ്ചിന്റെ വിധിക്ക് അനുസൃതമായാണ് പ്രസ്തുത നിരീക്ഷണങ്ങൾ വ്യാഖ്യാനിക്കേണ്ടത്. ചില കേസുകളിൽ, മേൽപ്പറഞ്ഞ ബന്ധം അടുത്തതും നേരിട്ടുള്ളതുമാണെങ്കിൽ, വളരെ എളുപ്പത്തിൽ ഒരു നിഗമനത്തിലെത്താൻ കഴിയുമെന്നും അതുതന്നെ ഒരു ബന്ധത്തിന്റെയോ കണ്ണിയുടെയോ സൂചനയായതിനാൽ പ്രത്യേകം പരാമർശിക്കേണ്ടതില്ലെന്നും ***കേസർ ദേവി***[35] കേസിൽ കോടതി നിരീക്ഷിച്ചിട്ടുണ്ടെന്നത് വാസ്തവമാണ്; അത്തരം സാഹചര്യത്തിൽ യോഗ്യതയുള്ള അധികാരിയ്ക്ക് അത് യഥാവിധി പരിഗണിച്ച് അത് വിശ്വസിക്കുന്നതിനുള്ള ന്യായമായ കാരണങ്ങൾ രേഖപ്പെടുത്താമെന്നും കോടതി നിരീക്ഷിച്ചു. എന്നാൽ അത്തരമൊരു സാധ്യത ഓരോ കേസിന്റെയും വസ്തുതകളെ ആശ്രയിച്ചിരിക്കും; എല്ലാ കേസുകളിലും ഇത് സത്യമാകണമെന്നില്ല.

64. ആശയപരമായി, 1976-ലെ നിയമത്തിലെ വകുപ്പ് 6(1) പ്രകാരം, ഒരു കുറ്റവാളിയുടെയോ തടവുകാരന്റെയോ ബന്ധുവിനെതിരെ നടപടി ആരംഭിക്കുമ്പോൾ, ആ വകുപ്പ് പ്രകാരമുള്ള പ്രാഥമിക അറിയിപ്പ് കുറ്റവാളിക്കോ തടവുകാരനോ നൽകേണ്ടത് "നിർബന്ധമാണ്" എന്ന് പ്രസ്തുത വകുപ്പിൽ ഒരിടത്തും പറയുന്നില്ല എന്നാണ് ഞങ്ങളുടെ വീക്ഷണം. നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് കുറ്റവാളിയുടെ ബന്ധുവും നിയമം ബാധകമാകുന്ന വ്യക്തിയുമായ ഒരാളുടെ പേരിലും അയാളുടെ കൈവശത്തിലും ആണെങ്കിൽ, കുറ്റവാളിക്കോ തടവുകാരനോ അറിയിപ്പ് നൽകേണ്ടെന്നും, എന്തിന് അപവദിത വിധിന്യായത്തിൽ ഹൈക്കോടതി വിധിച്ചത് പോലെ, പ്രാഥമിക അറിയിപ്പ് പോലും നൽകേണ്ടെന്നുമുള്ളതും തർക്കമില്ലാത്ത വസ്തുതയാണ്. എന്തെന്നാൽ, കളങ്കിതമായ സ്വത്ത് കൈവശം വയ്ക്കുകയും നിർദ്ദിഷ്ട സ്വത്ത് കണ്ടുകെട്ടുന്ന നടപടി മൂലം ബാധിക്കപ്പെടാൻ

34 അടിക്കുറിപ്പ് 5-ൽ മേൽപരാമർശം

35 അടിക്കുറിപ്പ് 6-ൽ മേൽപരാമർശം

സാധ്യതയുള്ളതുമായ വ്യക്തിക്ക് അറിയിപ്പ് നൽകണമെന്നാണ് വകുപ്പ് 6(1)-ൽ അനുശാസിക്കുന്നത്. സ്വത്തിന്റെ രേഖാമൂലമുള്ള ഉടമയും, അത് സ്വയമോ മറ്റേതെങ്കിലും വ്യക്തി മുഖാന്തിരമോ കൈവശം വയ്ക്കുന്നയാളുമാണ് കണ്ടുകെട്ടൽ നടപടി മൂലം അടിയന്തിരമായും നേരിട്ടും ബാധിക്കപ്പെടുക. ഇതിൽ മറ്റൊരാൾ മുഖാന്തിരമാണ് പ്രസ്തുത വ്യക്തി സ്വത്ത് കൈവശം വച്ചിരിക്കുന്നതെങ്കിൽ, വകുപ്പ് 8 പ്രകാരമുള്ള തെളിവ് ബാധ്യത കുറ്റവാളിയോ തടവുകാരനോ അല്ല, മറിച്ച് നിയമവിരുദ്ധമായി സമ്പാദിച്ച സ്വത്ത് സ്വയമോ മറ്റേതെങ്കിലും വ്യക്തി മുഖാന്തിരമോ കൈവശം വയ്ക്കുന്ന വ്യക്തിയാണ് നിർവഹിക്കേണ്ടത്.

65. അത്തരത്തിൽ, വകുപ്പ് 6(2)-ൽ ഉപയോഗിച്ചിരിക്കുന്ന "അത്തരം മറ്റൊരു വ്യക്തി" എന്ന പ്രയോഗം, "മറ്റേതെങ്കിലും വ്യക്തി മുഖാന്തിരമോ" എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തിയെ പരാമർശിക്കുന്നു. നിയമത്തിലെ വകുപ്പ് 6(1)-ന്റെ തുടക്കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള, നിയമം ബാധകമായ വ്യക്തി തന്നെയാണത്. അത്തരം സാഹചര്യങ്ങളിൽ, തടവുകാരനോ കുറ്റവാളിയോ വകുപ്പ് 8 പ്രകാരമുള്ള തെളിവ് ബാധ്യത നിർവഹിക്കണമെന്ന് ആവശ്യപ്പെടാനോ പ്രതീക്ഷിക്കാനോ കഴിയില്ല. അതനുസരിച്ച്, മുകളിൽ പരാമർശിച്ചിട്ടുള്ള വ്യതിരിക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ കേരള, കൊൽക്കത്താ ഹൈക്കോടതികൾ സ്വീകരിച്ച കാഴ്ചപ്പാട് ഈ കോടതി അംഗീകരിക്കുന്നു. കൂടാതെ, അപവദിത വിധിന്യായത്തിൽ മദ്രാസ് ഹൈക്കോടതി സ്വീകരിച്ച കാഴ്ചപ്പാട് ഈ കോടതിയ്ക്ക് സ്വീകാര്യമല്ലാത്തതിനാൽ പ്രസ്തുത വിധിന്യായം റദ്ദാക്കുകയും ചെയ്യുന്നു.

66. ഈ കോടതി പുറപ്പെടുവിച്ച മറ്റു ചില വിധിന്യായങ്ങൾ ഇരുകക്ഷികളും ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. എന്നാൽ പ്രസ്തുത വിധിന്യായങ്ങളിൽ, നിലവിലെ അപ്പീലുകളിൽ ഉയരുന്ന നിയമപ്രശ്നം ചർച്ച ചെയ്യപ്പെട്ടിട്ടില്ല.

67. മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, അപവദിത വിധിന്യായം റദ്ദാക്കുകയും കക്ഷികളെ ഹൈക്കോടതിയിലേക്ക് തിരികെ അയക്കുകയും ചെയ്യേണ്ടതുണ്ട്. അതിനായി, റിട്ട് ഹർജികൾ അതിന്റെ യഥാർത്ഥ നമ്പറിലേക്ക് പുനഃസ്ഥാപിച്ച് വീണ്ടും

പരിഗണിക്കുന്നതിനായി ഫയലിലേക്ക് മാറ്റുന്നു. എതിർകക്ഷികൾക്കെതിരെ (റിട്ട് ഹർജിക്കാർക്കെതിരെ) നടപടി ആരംഭിക്കുന്നതിൽ അമിതവും അനാവശ്യവും വിശദീകരിക്കാത്തതുമായ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും അതനുസരിച്ച് മുഴുവൻ നടപടിക്രമങ്ങളുടെയും തീർപ്പാക്കൽ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി വിശദീകരണം നൽകാൻ എതിർകക്ഷികളോട് ആവശ്യപ്പെടുന്നത് അന്യായമാണെന്നുമുള്ള വാദം ഉൾപ്പെടെ, ഇരുപക്ഷത്തിനും ഉന്നയിക്കാനുള്ള മറ്റെല്ലാ വിഷയങ്ങളിലും തർക്കങ്ങളിലും പുതുതായി വാദം കേൾക്കുന്നതിനാണിത്. ഈ അപ്പീലുകളിലെ മറ്റ് ഒരു വാദത്തെക്കുറിച്ചും വിശദീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കൂടാതെ, കക്ഷികൾ ഉന്നയിച്ചേക്കാവുന്ന മറ്റേതെങ്കിലും വാദങ്ങളിൽ ഞങ്ങൾ അനുകൂലമായോ പ്രതികൂലമായോ അഭിപ്രായം പ്രകടിപ്പിച്ചു എന്ന് ഇതിനാൽ അർത്ഥമാക്കേണ്ടതില്ല. എന്തെന്നാൽ, കുറ്റവാളിയ്ക്ക് പ്രാഥമിക അറിയിപ്പ് നൽകാത്തത് മൂലം എതിർകക്ഷികൾക്കെതിരായ നടപടി അസാധുവാകും എന്ന ഒരൊറ്റ കാരണത്താലാണ് എതിർകക്ഷികൾ ഫയൽ ചെയ്ത റിട്ട് ഹർജികൾ അനുവദിച്ചത് എന്ന് അപവദിത വിധിന്യായത്തിൽ പോലും വ്യക്തമാക്കുന്നുണ്ട്. ഹൈക്കോടതി സ്വീകരിച്ച പ്രസ്തുത നിലപാട് ഇതിനാൽ റദ്ദാക്കിയ സ്ഥിതിയ്ക്ക്, മറ്റ് എല്ലാ കാര്യങ്ങളും അതിന്റേതായ യോഗ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതിനായി വിഷയം ഹൈക്കോടതിയിലേക്ക് തന്നെ തിരികെ പോകേണ്ടതുണ്ട്.

68. 1994 ജനുവരി 19-ന് വകുപ്പ് 6 പ്രകാരമുള്ള അറിയിപ്പ് പുറപ്പെടുവിക്കുന്നതിന് മുൻപ് തന്നെ കുറ്റവാളി, അതായത് വി.പി സെൽവരാജൻ, മരണപ്പെട്ടിരുന്നുവോ എന്നൊരു തർക്കം വാദത്തിനിടയിൽ ഉയർന്നു വന്നിരുന്നു. വാദം നടക്കുന്ന സമയത്ത്, അഭിഭാഷകന് ഇതുസംബന്ധിച്ച വസ്തുത അറിവുണ്ടായിരുന്നില്ല. എന്നാൽ, അപ്പീൽവാദിയും എതിർകക്ഷികളും സമർപ്പിച്ച രേഖാമൂലമുള്ള പ്രസ്താവത്തിൽ, കുറ്റവാളിയായ വി.പി സെൽവരാജൻ, 1994 ജനുവരി 19-ന് വകുപ്പ് 6 പ്രകാരമുള്ള അറിയിപ്പ് പുറപ്പെടുവിക്കുന്നതിന് മുൻപ് തന്നെ മരണപ്പെട്ടിരുന്നു എന്ന കാര്യം അംഗീകരിച്ചിട്ടുണ്ട്.

69. അങ്ങനെയിരിക്കെ, നിലവിലെ കേസിൽ, തർക്കത്തിലുള്ളതും വകുപ്പ് 6 പ്രകാരമുള്ള അറിയിപ്പിൽ പരാമർശിച്ചിട്ടുള്ളതുമായ സ്വത്തുക്കൾ രണ്ട് എതിർകക്ഷികളുടെ പേരിലുള്ളതും അവരുടെ കൈവശമുള്ളതുമാണ്. കുറ്റവാളി, പരേതനായ വി.പി. സെൽവരാജന്റെ അവകാശികൾ പ്രസ്തുത സ്വത്തുക്കളിൽ അവകാശമോ അധികാരമോ ഉന്നയിച്ചിട്ടില്ല. ഈ സ്വത്തുക്കൾ മരണപ്പെട്ട തടവുകാരന്റെയോ കുറ്റവാളിയുടെയോ പേരിലായിരുന്നെങ്കിൽ, വ്യത്യസ്തമായ പരിഗണനകൾ ബാധകമായേനെ. നിലവിലെ കേസിന്റെ പശ്ചാത്തലത്തിൽ, കുറ്റവാളിയായ വി.പി. സെൽവരാജൻ 1994 ജനുവരി 19-ന് വകുപ്പ് 6 പ്രകാരമുള്ള അറിയിപ്പ് പുറപ്പെടുവിക്കുന്നതിന് മുൻപ് മരണപ്പെട്ടതിനാൽ, അദ്ദേഹത്തിന് അറിയിപ്പ് നൽകേണ്ട ആവശ്യകതയോ ബാധ്യതയോ ഉണ്ടാകുന്നില്ല.

70. അതനുസരിച്ച്, നിലവിലെ അപ്പീലുകൾ ഈ കോടതി അനുവദിക്കുകയും 2001-ലെ റിട്ട് ഹർജി നമ്പറുകൾ 1149, 1150 എന്നിവയിൽ മദ്രാസ് ഹൈക്കോടതി 24.03.2008-ന പുറപ്പെടുവിച്ച പൊതു അപവദിത വിധിന്യായവും ഉത്തരവും റദ്ദാക്കുകയും ചെയ്യുന്നു. പകരം, ഈ വിധി മുഖാന്തിരം തീർപ്പാക്കിയ തർക്കം ഒഴികെ, ഇരുപക്ഷവും ഉന്നയിക്കുന്ന മറ്റെല്ലാ വിഷയങ്ങളും തർക്കങ്ങളും, നിയമാനുസൃതം, യോഗ്യത അടിസ്ഥാനമാക്കി പുതുതായി പരിഗണിക്കുന്നതിനായി റിട്ട് ഹർജികൾ അവയുടെ യഥാർത്ഥ നമ്പറിലേക്ക് പുനഃസ്ഥാപിക്കുന്നു. അതായത്, ഇരുകക്ഷികൾക്കും മറ്റെല്ലാ തർക്കങ്ങളും ഉന്നയിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും. റിമാൻഡ് ചെയ്ത റിട്ട് ഹർജികൾ എത്രയും വേഗം തീർപ്പാക്കണമെന്ന് ഹൈക്കോടതിയോട് അഭ്യർത്ഥിക്കുന്നു. ചെലവുകൾ സംബന്ധിച്ച് ഉത്തരവുകളൊന്നുമില്ല.

ഇതുമായി ബന്ധപ്പെട്ട തീർപ്പാകാത്ത അപേക്ഷകൾ ഉണ്ടെങ്കിൽ, അവയും ഇതിനകം തീർപ്പാക്കുന്നു.

നിധി ജെയിൻ അപ്പീലുകൾ അനുവദിച്ചിരിക്കുന്നു.